www.eternalvoicenews.com

# എറ്റേണൽ വോയ്സ്

ക്രൈസ്തവ വാർത്താപത്രിക

05 മെയ് 2018

VOL:4 | ISSUE - 5 PAGES 8 KERMAL-2014/59906 THIRUVALLA RS.5.00

# ഗ്രേയ്സിന്റെ രാജസ്ഥാൻ സെന്റർ ഗ്രാഡുവേഷൻ നടത്തി

**രാജസ്ഥാൻ:** നാഗൂർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ഗ്രേയ്സ് തിയോളജിക്കൽ കോളേജിന്റെ ഓന്നാമത് ഗ്രാഡുവേഷൻ ഏപ്രിൽ 16–ന് ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ ഡിഡുവാന പ്രാർത്ഥനാ ഹാളിൽ നടത്തി. ദൈവകൃപയാൽ പത്ത് വിദ്യാർത്ഥികൾ പഠനം പൂർത്തികരിച്ചു. ഐ.പി.സി രാജസ്ഥാൻ സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ജോൺ ദേവസ്യ അദ്ധ്യക്ഷത വഹിച്ചു. ബ്രദർ ഹാരീഷ് സ്വാഗതവും ബ്രദർ റോബിറ്റ് നന്ദിയും പറഞ്ഞും. സ്റ്റുഡൻസിനെ കേന്ദ്രികരിച്ച് പാസ്റ്റർ രാധാകൃഷ്ണൻ പ്രസംഗിച്ചു. തുടർന്ന് പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ കോളേജിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. ഗ്രാഡുവേഷൻ ചീഫ് ഗസ്റ്റ് പാസ്റ്റർ ലിജീഷ് പി.തോമസ് (ജി.റ്റി.സി. നോർത്ത് ഇന്ത്യൻ ഡയറക്ടർ) മുഖ്യപ്രസംഗം നടത്തി.പാസ്റ്റർ പ്രംജി പ്രസാദ് (ജി.റ്റി.സി. നോർത്ത് ഇന്ത്യൻ കോ–ഓർഡിനേറ്റർ) അനുഗ്രഹപ്രാർത്ഥന നിർവ്വഹിച്ചു. പാസ്റ്റർ റെന്നി ഇടപ്പറമ്പിൽ (ഫൗണ്ടർ & ചെയർമാൻ) സർട്ടിഫിക്കറ്റ് വിതരണം നടത്തി. പാസ്റ്റർമാരായ എം.ജെ. രാജു, ജിനു ജോസഫ്, ജോയൽ എന്നിവർ ആശംസപ്രസംഗം നടത്തി. തുടർന്ന് അടുത്ത ബാച്ചിലേക്കുള്ള ക്ലാസ്സുകൾ ജൂണിൽ ആരംഭിക്കുതിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ചെയ്തുവരുന്നു. ഇവിടുത്തെ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിച്ചാലും. കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുക .www.gracetheological.com




രാജസ്ഥാൻ ഗ്രേയ്സ് തിയോളജിക്കൽ കോളേജിൽ ഗ്രാഡുവേഷൻ ചെയ്ത വിദ്യാർത്ഥികളും അദ്ധ്യാപകരും.

# പി.സി.എൻ.എ.കെ : മെയ് 6 ന് ദേശീയ പ്രാർത്ഥനാ ദിനം

**നിബു വെള്ളവന്താനം (മീഡിയ കോർഡിനേറ്റർ)**

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിൽ വെച്ച് നടത്തപ്പെടുന്ന സൗത്ത് ഏഷ്യൻ സമൂഹത്തിലെ ഏറ്റവും വലിയ പെന്തക്കോസ്ത് മഹാസമ്മേളനമായ പി.സി.എൻ.എ.കെ കോൺഫ്രൻസിന്റെ വിജയകരമായ നടത്തിപ്പിനും അനുഗ്രഹത്തിനായും നോർത്തമേരിക്കയിലെയും കാനഡയിലെയും മുഴുവൻ മലയാളി പെന്തക്കോസ്ത് സഭകളും മെയ് 6 ന് പ്രത്യേക പ്രാർത്ഥനാദിനമായി വേർതിരിക്കണമെന്നും അന്നേദിവസം ലഭിക്കുന്ന സ്തോത്രകാഴ്ചയും പ്രത്യേക സംഭാവനകളും അതത് സഭകളുടെ വിഹിതമായി നൽകി പ്രവർത്തതനത്തെ സഹായിക്കണമെന്നും പി.സി. എൻ. എ.കെ ദേശിയ സെക്രട്ടറി ബ്രദർ വെസ്ളി മാത്യൂ അറിയിച്ചു.വിവിധ സംസ്ഥാനങ്ങളിൽ വെച്ച് നടത്തപ്പെടുന്ന പ്രമേഷണൽ യോഗങ്ങളിലും പി.സി. എൻ.എ.കെ ധനസമാഹരണ പരിപാടികൾക്കും മികച്ച പ്രതികരണമാണ് എല്ലാ പട്ടണങ്ങളിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്നത്. ഏപ്രിൽ 21ന് മയാമിയിലും 22 ന് ഒർലാന്റോയിലും നടന്ന പ്രമോഷണൽ യോഗത്തിന് സ്റ്റേറ്റ് പ്രതിനിധികളായ മനു ഫിലിപ്പ്, നിബു വെള്ളവന്താനം എന്നിവർ നേതൃത്വം നൽകി. നാഷണൽ സെക്രട്ടറി ബ്രദർ വെസ്ളി മാത്യു, നാഷണൽ ട്രഷറാർ ബ്രദർ ബാബുക്കുട്ടി ജോർജ്, വെബ് സൈറ്റ് കോർഡിനേറ്റർ ബ്രദർ പ്രെസ്ലി പോൾ തുടങ്ങിയവർ ഫ്ളോറിഡയിലെ വിവിധ സഭകൾ സന്ദർശിച്ച് പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു.

മിഷിഗൺ സ്റ്റേറ്റ് പ്രമോഷൻ മീറ്റിംഗ് 28 ന് ശനിയാഴ്ച വൈകിട്ട് 7 ന് പാസ്റ്റർ പി.വി. മാമ്മന്റെയും യൂത്ത് പ്രതിനിധി ജോഷ് കുരുവിളയുടെയും നേതൃത്വത്തിലും, ന്യൂജേഴ്സി സ്റ്റേറ്റ് പ്രമോഷണൽ യോഗം മെയ് 6 ന് ഞായറാഴ്ച വൈകിട്ട് 6.30ന് ന്യൂജേഴ്സി ഹാക്കൻസാക്കിലുള്ള ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭാഹാളിൽ നാഷണൽ പ്രതിനിധി കോശി വർഗിസിന്റെയും യൂത്ത് പ്രതിനിധി സോബി കുരുവിളയുടെയും വനിതാ പ്രതിനിധി സിസ്റ്റർ ഗ്രേസ് ജോർജിന്റെയും നേതൃത്വത്തിൽ നടത്തപ്പെടും.

കോൺഫ്രൻസിന്റെ നാഷണൽ കൺവീനർ പാസ്റ്റർ ബഥേൽ ജോൺസൺ ഇടിക്കുള, നാഷണൽ സെക്രട്ടറി വെസ്ളി മാത്യു, നാഷണൽ ട്രഷറാർ ബാബുക്കുട്ടി ജോർജ്, നാഷണൽ യൂത്ത് കോർഡിനേറ്റർ ഷോണി തോമസ്, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ ആശ ഡാനിയേൽ, കോൺഫ്രൻസ് കോർഡിനേറ്റർ ഡോ.തോമസ് ഇടിക്കുള തുടങ്ങിയവരുടെ നേതൃത്വത്തിൽ നാഷണൽ – ലോക്കൽ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മറ്റികൾ

8 –ാം പേജിൽ



പി.സി.എൻ.എ.കെ പ്രമോഷണൽ യോഗത്തിൽ ബ്രദർ രാജു പൊന്നോലിയിൽ നിന്നും സ്പോൺസർഷിപ്പ് രജിസ്ട്രേഷൻ ചെക്ക് നാഷണൽ സെക്രട്ടറി വെസ്ളി മാത്യുവും, നാഷണൽ ട്രഷറാർ ബാബുക്കുട്ടി ജോർജും സ്വീകരിക്കുന്നു.

ഗ്രേയ്സ് തിയോളജിക്കൽ കോളേജ്

വെണ്ണിക്കുളം പി. ഒ തിരുവല്ല – 689 544 കേരള, ഇന്ത്യാ, പത്തനംതിട്ട ജില്ല ഫോൺ: 0469 2751000

www.gracetheological.com

പത്രാധിപർ എഴുതുന്നു....

പാ.റെന്നി ഇടപ്പറമ്പിൽ ചീഫ് എഡിറ്റർ
0469 2751000/09446625996/vennikulamoffice@gmail.com



# മടങ്ങിവരിക

ദൈവവചനത്തിന് അതിന്റെ പ്രാധാന്യം കുറഞ്ഞിരിക്കുന്ന കാലഘട്ടത്തിലാണ് നാം വന്നിരിക്കുന്നത്. നാം കൂടിവരുന്ന സഭയിലും സമൂഹത്തിലും നടത്തപ്പെടുന്ന യോഗങ്ങളിലും മീഡിയയിലും ദൈവവചത്തിനു കൊടുക്കേണ്ട സ്ഥാനത്തിനു പകരം മറ്റു അത്ഭുത പ്രവർത്തികൾക്ക് മുഖ്യസ്ഥാനം കൊടുക്കുന്നു. സ്വയം പേരെടുക്കാനും പ്രസ്ഥാനങ്ങൾ കെട്ടിപ്പൊക്കാനും അവസരങ്ങൾ ഉപയോഗിക്കുന്നു.

യേശു കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുന്ന അവസാന മണിക്കൂറുകളിൽ ഒലിവുമല സംഭാഷണത്തിൽ കൂടിനിന്ന ശിഷ്യന്മാരോടും തന്റെ സഹോദര വൃന്ദങ്ങളോടും അവസാനമായി പറഞ്ഞവാക്ക് നിങ്ങൾ ഭൂലോകമൊക്കെയും എന്റെ സാക്ഷികൾ ആകുക എന്നതാണ്.

യേശുവിനേയും യേശുവിന്റെ വചനങ്ങളേയും അതായത്, യേശുവിന്റെ സ്വർഗ്ഗാരോഹണം, മടങ്ങിവരവ്, കുഞ്ഞാടിന്റെ കല്യാണം, വിശുദ്ധസഭ, വിശുദ്ധീകരണം, പുതിയ ആകാശം പുതിയ ഭൂമി തുടങ്ങി വിശുദ്ധന്മാരുടെ വീണ്ടെടുപ്പിനേയും അത് അവകാശമാക്കേണ്ട ജനത്തിന്റെ മാനസാന്തരവും പ്രസംഗിക്കപ്പെടേണ്ട കാലമാണിത്.

കിഴവികഥകളും ഇല്ലാവചനങ്ങളും പറഞ്ഞ് വേദിയിൽ ദൈവവചനത്തിന്റെ പ്രാധാന്യം നഷ്ടമാകാതെ ജനത്തെ ദൈവവചനം പഠിപ്പിക്കണം. പൗലോസ് തന്റെ കൂട്ടുപ്രവർത്തകനായ തിമൊഥെയോസിനോട് പറഞ്ഞത് ഞാൻ വരുവോളം വായനയിലും പ്രബോധനത്തിലും ഉറ്റിരിക്കണം എന്നാണ്.

യേശുവിന്റെ പരസ്യകാല ശുശ്രൂഷയിൽ ദേവാലയത്തിൽ നടത്തിയ ശുശ്രൂഷയ്ക്ക് ശേഷം താൻ തനിക്ക് ബോധിച്ചവരെ മലയിലേക്ക് വിളിച്ചുകൊമ്ടുപോയി എന്ന് (മർക്കോ.3:13-15) വായിക്കുന്നു. ഇവിടെ യേശു കർത്താവിന് ബോധിച്ചവരെ വേർതിരിച്ചത് മൂന്ന് പ്രധാന കാര്യങ്ങൾക്കായിട്ടാണ്. 1. തന്നോടുകൂടെ ഇരിപ്പാനും 2. പ്രസംഗിക്കാൻ അയയ്ക്കാനും 3. ഭൂതങ്ങളെ പുറത്താക്കാനുമാണ്.

സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുന്ന ഒരു ഭക്തനെ ദൈവം കൈവിടുകയില്ല. ബൈബിൾ പറയുന്നു നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിയുക ഏറെ നാൾ കഴിഞ്ഞാൽ മടങ്ങിവരും. നാം മിനക്കെട്ടു നിന്നപ്പോൾ ന്യായമായി തരാം എന്നു പറഞ്ഞ കർത്താവ് എത്ര തരാം എന്നോ എങ്ങനെ തരാം എന്നോ എന്ത് തരാമെന്നോ പറഞ്ഞില്ല. പകരം ന്യായമായി തരാം എന്നാണ്. നാം ദൈവവചനത്തെ സത്യത്തോടെ മറപിടിക്കാതെ വളച്ചുകെട്ടില്ലാതെ അതിന്റെ ശക്തിയും സ്ഥാനവും അറിഞ്ഞ് വചനമായി തന്നെ പ്രസംഗിച്ചാൽ യേശു ന്യായമായി തന്ന് നമ്മെയും മാനിക്കുമെന്നത് തർക്കമില്ലാത്തതാണ്. അവൻ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല. ദൈവവചനത്തിന്റെ പ്രാധാന്യത കൈവിടാതെ അതിന്റെ മാന്യത മനസിലാക്കി പ്രസംഗിക്കണം. ലഭിക്കുന്ന സമയങ്ങൾ കിഴവികഥകൾക്ക് പ്രാധാന്യം കൊടുക്കാതെ യേശുവിനും യേശുവിന്റെ വചനങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന പ്രസംഗകരായി നാം മാറി ചിന്തിച്ചു പ്രവർത്തിക്കണം.

യേശു പറഞ്ഞത് തന്നെ പ്രസംഗിക്കുക എന്നതാണ്. അവസാന നാളിൽ ഞാൻ നിങ്ങളെ അറിയുന്നില്ലായെന്ന് യേശു പറയുന്ന ഒരു അവസരം നാം തന്നെ ഉണ്ടാക്കാതെ ദൈവവചനത്തിലേക്ക് മടങ്ങിവരിക. അത്ഭുതവും അടയാളവുമല്ലനിത്യതയാണ് നമ്മുടെ ലക്ഷ്യം. അതിന് ദൈവവചനമാകുന്ന ആഹാരം നമ്മുടെ പക്കൽ സമയത്തും അസമയത്തും ഉണ്ടായിരിക്കേണ്ടതിന് ദൈവവചനത്തിലേക്ക് നമുക്ക് മടങ്ങാം.



കോട്ടയം ഐ.പി.സി തിയോളജിക്കൽ സെമിനാരിയിൽ നടന്ന ഐ.പി.സി സൺഡേസ്കൂൾ ജനറൽ ക്യാംപിൽ സെമിനാരി പ്രിൻസിപ്പൽ റവ. എബി പീറ്റർ മുഖ്യപ്രഭാഷണം നടത്തുന്നു.

# ഐ.പി.സി സൺഡേസ്കൂൾ ജനറൽ ക്യാമ്പിന് അനുഗ്രഹ സമാപ്തി

**ജോജി ഐപ്പ് മാത്യൂസ് (മീഡിയ) 9446392303**

**കോട്ടയം:** ഉയരത്തിലുള്ളത് ചിന്തിക്കുക എന്ന ആഹ്വാനത്തോടെ നവആശയങ്ങളിലേക്ക് പുതുതലമുറയെ വഴിനടത്തിയ ഐ.പി.സി സൺഡേസ്കൂൾ ജനറൽ ക്യാംപ് സമാപിച്ചു.

ഐ.പി.സി തിയോളജിക്കൽ സെമിനാരി ക്യാംപസിൽ ''ദി ഫ്യൂച്ചർ എൻലൈറ്റൻമെന്റ് ക്യാംപ് സീസൺ രണ്ടിന്റെ'' ഉദ്ഘാടനം ഐ.പി.സി സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ നിർവഹിച്ചു.

ത്രിദിന ക്യാംപിൽ സെമിനാരി പ്രിൻസിപ്പൽ റവ. എബി പീറ്റർ ചിന്താവിഷയമായ ''ഉയരത്തിലുള്ളത് (വാടസ് അപ്പ്)'' എന്നത് അവതരിപ്പിച്ച് മുഖ്യ പ്രഭാഷണം നടത്തി. ഡെപ്യൂട്ടി ഡയറക്ടർ പാസ്റ്റർ തോമസ് മാത്യു ചാരുവേലി അധ്യക്ഷത വഹിച്ചു. ഡയറക്ടർ കുര്യൻ ജോസഫ്, ജനറൽ കൺവീനർ ജോയി താനുവേലിൽ, ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, ഡെപ്യൂട്ടി ഡയറക്ടർ പാസ്റ്റർ സാം വർഗീസ്, ട്രഷാർ അജി കല്ലുങ്കൽ,

അസോസിയേറ്റ് സെക്രട്ടറിമാരായ ജോജി ഐപ്പ് മാത്യൂസ്, സണ്ണി ഏബ്രഹാം, പാസ്റ്റർ സി.റ്റി. ജോൺ, സോദരി സമാജം സെക്രട്ടറി സൂസൻ എം. ചെറിയാൻ, ജനറൽ കോ-ഓർഡിനേറ്റർ പാസ്റ്റർ സണ്ണി ജോർജ്, ജോ തോമസ്, പി. സി. തോമസ്, ഡോ. സി.വി. ഏബ്രഹാം, പാസ്റ്റർ വർഗീസ് ബേബി, സന്തോഷ് തോമസ്, ഡോ. മറിയാമ്മ സ്റ്റീഫൻ, ഡോ. ഐസക് പോൾ, പാസ്റ്റർമാരായ സാജൻ ജോയി, പി.എ. മാത്യു, ഏ. റ്റി. ജോർജ്, ഇ.എ. മോസസ്, റവ. സാം സ്കറിയ എന്നിവർ വിവിധ സെഷനുകളിൽ പ്രസംഗിച്ചു.

ഐ.പി.സി സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല സമാപന സന്ദേശം നൽകി. കമ്മിറ്റി അംഗങ്ങളായ പാസ്റ്റർ പി.വി. ഉമ്മൻ, ഫിന്നി പി.മാത്യു, റ്റി. എ. തോമസ്, തോമസ് ജോർജ് കട്ടപ്പന, സജി എം. വർഗീസ്, റോയി ആന്റണി, ജിജി ചാക്കോ തേക്കുതോട്, പി. പി. ജോൺ, ജിസ്മോൻ കട്ടപ്പന, സജി നടുവത്ര, ജോർജ് കെ. ജോർജ്, സുധീർ വർഗീസ്, ജോമോൻ ജേക്കബ്, ജോൺ മാത്യു, പി.എം. തോമസ്, എം.ഡി. ജോസ്, ബേബി തോമസ് തുടങ്ങിയവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി.

തികച്ചും വ്യത്യസ്തത പുലർത്തിയും ഗംഭീരവുമായ ബിരുദദാന ശുശ്രൂഷ ഏറെ ശ്രദ്ധേയമായി. സൺഡേസ്കൂളിൽ 15-ാം ക്ലാസ് പൂർത്തിയാക്കിയ 75 പേർക്ക് തിയോളജിക്കൽ ഡിപ്ലോമ ബിരുദം സമ്മാനിച്ചു. ഓപ്പൺ ഗ്രൗണ്ടിൽ നിന്ന് തുടങ്ങിയ ബിരുദധാരികളുടെ പരേഡ് പ്രധാനവേദിയിൽ എത്തിയപ്പോൾ ബിരുദദാന സമ്മേളനത്തിന് തുടക്കമായി.

ശുഭ്രവസ്ത്രധാരികളായി എത്തിയ ബിരുദധാരികളെ അനുമോദിച്ച് റവ. എബി പീറ്റർ സന്ദേശം നൽകി. ഡയറക്ടർ കുര്യൻ ജോസഫ് ബിരുദദാനം നടത്തി. ജനറൽ സെക്രട്ടറി പാസ്റ്റർ ജോസ് തോമസ് ജേക്കബ്, ഡെപ്യൂട്ടി ഡയറക്ടർ പാസ്റ്റർ സാം വർഗീസ്, അസോസിയേറ്റ് സെക്രട്ടറി പാസ്റ്റർ സി. റ്റി. ജോൺ, കമ്മറ്റി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

# ഒന്നായ് പാടാം യേശുവിനായ് സംഗീത മഹാസംഗമം ഡിസംബർ 25 ന് തിരുവല്ലയിൽ

തിരുവല്ല: ചരിത്രങ്ങൾക്ക് വിളനിലമായ മലയാളക്കരയുടെ സാമൂഹിക പരിവർത്തനത്തിന് നിർണ്ണായക സ്വാധീനം ചെലുത്തിയ നവോത്ഥാനത്തിന്റെ ഹൃദയഭൂമിയിൽ മറ്റൊരു ചരിത്രസംഗമത്തിന് സാക്ഷിയാകുന്നു.

2018ലെ ക്രിസ്മസ് ദിനമായ ഡിസംബർ 25 ന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ ആയിരം സംഗീതജ്ഞരും ലക്ഷം ശ്രോതാക്കളുമായി മധ്യ തിരുവിതാംകൂറിന്റെ ആത്മീയ ചരിത്രത്തിന് പുത്തൻ ഏടുകൾ തീർക്കുന്നതാകും ''ഒന്നായ് പാടാം യേശുവിനായ്'' സംഗീതമഹാസംഗമം.

നവീകരണത്തിന്റെ സംഘടിത മുന്നേറ്റത്തിനിടെ ദൈവവചനത്തിന്റെയും സത്യസുവിശേഷത്തിന്റെയും ഉൾക്കാമ്പുകൾ ഹൃദയത്തിൽ ഏറ്റുവാങ്ങി രൂപാന്തരത്തിന്റെ സൗമ്യഭാവമായി മാറിയ ജനസമൂഹത്തിന്റെ ആരാധനയിൽ സന്തോഷത്തിന്റെ കൊണ്ടാട്ടം ഒരുക്കിയത് സംഗീതമാണ്.

ദൈവത്തിങ്കലേക്ക് മാത്രം കണ്ണുകൾ ഉയർത്തി പ്രാർത്ഥനാപൂർവ്വം മുന്നേറിയ പിതാക്കന്മാരുടെയും മാതാക്കളുടെയും കണ്ണീരും വിയർപ്പും വീണ മലങ്കരയിലെ മണ്ണിൽ ആത്മാക്കൾ രൂപം കൊണ്ടു. ഊഷരമായിരിക്കുന്ന കനൽക്കാറ്റുകൾ അവരുടെ ഹൃദയതന്ത്രികളെ തൊട്ടുണർത്തിയപ്പോൾ അടർന്ന് വീണ വരികൾ ആയിരങ്ങളുടെ ആരാധനാഗീതങ്ങളായി മാറി. നൂറ്റാണ്ട് കഴിഞ്ഞിട്ടും പുതുമ നഷ്ടപ്പെടാത്ത ആ ഗാനങ്ങളുടെ നവ്യാവിഷ്കാരമാണ് 2018 ഡിസംബർ 25 ക്രിസ്മസ് സന്ധ്യയിൽ തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ അരങ്ങേറുന്നത്.

മഹാകവി കെ.വി. സൈമൺ, മധുരഗായകൻ എം.ഇ. ചെറിയാൻ, ടി.കെ. സാമുവൽ, സാധു കൊച്ചുകുഞ്ഞ് ഉപദേശി, അന്നമ്മ മാമ്മൻ, സി.എസ്. മാത്യു, ഇ.വി. വർഗീസ്, പി.വി. ചുമ്മാർ, വി. നാഗൽ, ജെ.വി. പീറ്റർ തുടങ്ങിയ മൺമറഞ്ഞ ഭക്തന്മാരുടെ നാവിൽ നിന്നും അടർന്ന് വീണ വരികൾ ഇന്നും ലക്ഷങ്ങൾ ഏറ്റുപാടുമ്പോൾ അതിന്റെ അനുഭവങ്ങളിലൂടെയുള്ള പൂർവ്വകാലയാത്ര കൂടിയാകും ''ഒന്നായ് പാടാം യേശുവിനായ്''.

ഏറ്റു പാടാനുള്ളതാണെന്ന ബോധ്യമില്ലാതെയാണ് അവരുടെ അന്തർഭാഗത്തിലൂടെ ഈ വരികൾ ഉയർന്നത്. ശൂന്യത മുന്നിൽ കണ്ട് പ്രതിബന്ധങ്ങളെയും ആക്ഷേപങ്ങളെയും അതിജീവിച്ച് ആ സമൂഹം മുന്നേറിയപ്പോൾ നവസമൂഹത്തിന് വേണ്ടി ജീവാർപ്പണം ചെയ്ത പിതാമഹന്മാർക്കുള്ള സ്മരണാഞ്ജലി കൂടിയാണിത്.

ആയിരം സംഗീതജ്ഞർ ഡിസംബർ 25 (ചൊവ്വ) വൈകിട്ട് അഞ്ചിന് തിരുവല്ല പബ്ലിക് സ്റ്റേഡിയത്തിൽ അണിനിരക്കും. അഞ്ചു ഗാനങ്ങൾ വീതമുള്ള മൂന്ന് പരമ്പരകൾക്കിടെ പ്രമുഖ സംഗീതജ്ഞൻ സ്റ്റീഫൻ ദേവസ്യ, ഗായകൻ ഡോ. ബ്ലെസൻ മേമന തുടങ്ങിയവരുടെ സാന്നിധ്യവും സംഗീതസന്ധ്യയ്ക്ക് മാറ്റ് കൂട്ടും. പവർവിഷൻ ചാനൽ ചെയർമാൻ റവ. ഡോ. കെ.സി. ജോൺ ലഘു സന്ദേശം നൽകും.

റവ. ഡോ. കെ.സി. ജോൺ (പ്രസിഡന്റ്), എൻ.എം. രാജു (ചെയർമാൻ), റ്റി.എം. മാത്യു (ജനറൽ കൺവീനർ), ഭക്തവൽസലൻ

2-ാംപേജിൽ

8 –ാം പേജിൽ നിന്ന്...

## റാഫാ റേഡിയോ......

ണമാണ് ശ്രോതാക്കളിൽ നിന്നും ലഭിക്കാറുള്ളത്. ക്രൈസ്തവ സമൂഹത്തിലെ ജനപ്രിയ ടെലിവിഷൻ ചാനലുകളായ ഹാർവെസ്റ് ടി.വി, പവർവിഷൻ ടി.വി, എ. വൈ. ടി.വി എന്നീ ചാനലുകൾ വഴി സ്ഥിരമായി റാഫയുടെ ഗാനങ്ങൾ സംപ്രേക്ഷണം ചെയ്യുന്നതിനായി റാഫയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

350ൽ പരം മത്സരാർത്ഥികളുമായി റാഫാ സൂപ്പർ സിങ്ങർ സീസൺ 1 സോഷ്യൽ മീഡിയയുടെ സാധ്യത ഉപയോഗിച്ച് സ്മുൾ എന്ന ആപ്ലികേഷനിലൂടെ ഒരു തരംഗം തന്നെ സൃഷ്ടിക്കുകയുണ്ടായി.

7 മാസം നീണ്ട വാശിയേറിയ മത്സരത്തിൽ വളരെ താലന്തുള്ള യുവതീ യുവാക്കന്മാർ പങ്കെടുക്കുകയും 16 മത്സരാർത്ഥികൾ മാറ്റുരച്ച ഫൈനൽ റൗണ്ട് ഏറ്റവും ഹൃദ്യമായ നിലയിൽ പര്യവസാനിക്കുകയും ചെയ്തു.

സാധാരണ ഒരു സംഗീത മത്സരം പോലെ അല്ല റാഫാ സൂപ്പർ സിങ്ങർ നടത്തപ്പെട്ടത്. ലൈക്, ഷെയർ, കമന്റ് മുതലായ മാനദണ്ഡങ്ങൾ ഒഴിവാക്കി, ഗായകരുടെ കഴിവും ഗാനാലാപനപാടവവും മാത്രം പരിഗണിച്ച് പുതുമുഖ ഗായകരെ കണ്ടെത്താൻ റാഫാ റേഡിയോ നടത്തിയ പ്രയത്നത്തിന് ഫലമുണ്ടായി എന്നതിനു യാതൊരു സംശയമില്ല.

ശക്തമായ മത്സരത്തിൽ ഒന്നാം സ്ഥാനത്തിന് അർഹയായത് യു.എസ്.എ യിൽ നിന്നും മത്സരിച്ച ലിഡിയ സൈമൺ ആണ്. ജിമ്മി വർഗ്ഗീസ് പെരിങ്ങോട്ടുകര, ശ്രാദ്ധാ വിനയ് ഹൈദരാബാദ്, ഷാജു നാരായണൻ അഞ്ചൽ എന്നിവർ യഥാക്രമം രണ്ടും മൂന്നും നാലും സ്ഥാനങ്ങൾക്ക് അർഹരായി.

## ഐസിപിഎഫ് ക്യാംപ്


തൃശൂർ: ഐസിപിഎഫ് റീജിയണൽ വിദ്യാർത്ഥി ക്യാംപ് ഏപ്രിൽ 30, മെയ് 1 തീയതികളിൽ വിലങ്ങന്നൂർ ദർശന പാസ്റ്ററൽ സെന്ററിൽ നടക്കും. പ്രൊഫ. സാം സ്കറിയ, പ്രൊഫ.ജസ്റ്റിൻ കോശി, ഉമ്മൻ പി ക്ലമൻസൺ, അജി മർക്കോസ് എന്നിവർ ക്ലാസെടുക്കും. ബാൻഡ് ഫോർ ക്രൈസ്റ്റ് ഗാനങ്ങൾ ആലപിക്കും. ജെയ്സ് വർഗീസ്, പാ. സി.ജെ സാമുവേൽ ഡോ, ബോവസ് വിൻസന്റ്, പ്രശാന്ത് എന്നിവർ നേതൃത്വം നൽകും.

ഐസിപിഎഫ് സൗത്ത് കേരള വിദ്യാർത്ഥി ലീഡർഷിപ്പ് ക്യാംപ് ഏപ്രിൽ 26–28 വരെ തുറവൂർ അങ്കമാലി കൺവൻഷൻ സെന്ററിൽ നടക്കും. ഡോ.ഡി ജോഷ്വാ, അജി മർക്കോസ്, ഡോ.സാം സ്കറിയ എന്നിവർ ക്ലാസെടുക്കും. ജിഫി യോഹന്നാൻ, ഫ്രാങ്ക്ളിൻ ഫ്രാൻസിസ് എന്നിവർ നേതൃത്വം നൽകും.

## എ.ജി.മീഡിയ അസോസിയേഷന് വർണ്ണാഭമായ തുടക്കം

തിരുവനന്തപുരം: എഴുത്തുകാരുടേയും മാധ്യമ പ്രവർത്തകരുടേയും കൂട്ടായ്മയായ അസംബ്ലീസ് ഓഫ് ഗോഡ് വേൾഡ് മലയാളി മീഡിയ അസോസിയേന് (അഗ്മ) വർണ്ണാഭമായ തുടക്കം. ഏപ്രിൽ 17 നു തിരുവനന്തപുരം അസംബ്ലീസ് ഓഫ് ഗോഡ് ഇവാഞ്ചലിസ്റ്റിക് സെന്ററിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിന് അഗ്മ ജനറൽ പ്രസിഡന്റ് പാ. ഡി.കുഞ്ഞുമോൻ അദ്ധ്യക്ഷത വഹിച്ചു. സൊത്തിന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സെക്രട്ടറിയും എഴുത്തുകാരനുമായ പാ. കെ.ജെ മാത്യു അഗ്മയുടെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു. അസോസിയേഷന്റെ ലോഗോ അസംബ്ലീസ് ഓഫ് ഗോഡ് സതേൺ ഡിസ്ട്രിക്ട് അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ എൻ. പീറ്റർ എ.ജി മലബാർ ഇവാഞ്ചൽ ചീഫ് എഡിറ്റർ ഡോ. വി.ജെ സാമുവേലിന് നൽകി പ്രകാശനം ചെയ്തു. പാസ്റ്റർ ബാബു ജോർജ്ജ് പത്തനാപുരം ഭാരവാഹികളെ പരിചയപ്പെടുത്തി. പാ. ഷാജി ആലുവിള നയപ്രഖ്യാപനം നടത്തി. പാ. അനിൽ കൊടിത്തോട്ടം, മുഖ്യപ്രഭാഷണം നടത്തി. പാ. ടി.ജെ രാജൻ അഗ്മയുടെ പ്രഥമ അംഗത്വം സ്വീകരിച്ചു. പാ. പോൾ മാള സ്വാഗതവും ജിനു വർഗീസ് കൃതജ്ഞതയും പറഞ്ഞു.

### സൂസമ്മ മത്തായി നിര്യാതയായി.



ബോസ്റ്റൺ: പുനലൂർ നിരപ്പിൽ പരേതനായ പാസ്റ്റർ ചാക്കോ മത്തായിയുടെ ഭാര്യ സൂസമ്മ മത്തായി (84) നിര്യാതയായി. പൂന്തലപ്പാറപ്പള്ളിൽ കുടുംബാഗമാണ്. ഭൗതീക ശരീരം പുനലൂർ താന്നിമുണ്ടയ്ക്കൽ ബഥേൽ ഭവനത്തിൽ മെയ് 5 ന് ശനിയാഴ്ച രാവിലെ 8 ന് പൊതുദർശനത്തിന് വെയ്ക്കുന്നതും തുടർന്ന് 9 മണിമുതൽ പേപ്പർമിൽ ഐ.പി.സി ചർച്ചിൽ സംസ്ക്കാര ശുശ്രൂഷ ആരംഭിക്കുന്നതും തുടർന്ന് ഐ.പി.സി സയോൺ കല്ലുമല സെമിത്തേരിയിൽ സംസ്ക്കരിക്കുന്നതുമാണ്.

മക്കൾ: ശോശാമ്മ ഏബ്രഹാം, ബ്ലോസമ്മ ഗീവർഗീസ് (യു.എസ്.എ), ജോൺ മാത്യു (യു.എസ്.എ). മരുമക്കൾ: ഏബ്രഹാം മാത്യു, പരേതനായ പാസ്റ്റർ ഗീവർഗീസ് മത്തായി, മേഴ്സി ജോൺ.


**അവശ്യമുണ്ട്**

**ഗ്രേയ്സ് തിയോളജിക്കൽ കോളേജിന്റെ നോട്ടുബുക്കുകൾ ഹിന്ദി ഭാഷയിലേക്ക് ട്രാൻസിലേറ്റ് ചെയ്യുവാൻ കഴിവുള്ള ദൈവമക്കളെ അവശ്യമുണ്ട്. താല്പര്യമുള്ളവർ വിളിക്കുക..**

**9446625996**


## സഭ രക്ഷയ്ക്കായി നിലകൊള്ളണം പാസ്റ്റർ കെ സി ജോൺ

തിരുവല്ല: നഷ്ടപ്പെടുന്ന ആത്മാക്കളുടെ രക്ഷയ്ക്കായി സഭ നിലകൊള്ളണമെന്ന് ഐപിസി ജനറൽ സെക്രട്ടറിയും ബൈബിൾ സൊസൈറ്റി കേരള ഓക്സിലിയറി മുൻ വൈസ് പ്രസിഡന്റുമായ പാസ്റ്റർ കെ സി ജോൺ പറഞ്ഞു.

കാവുംഭാഗത്ത് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ തിരുവല്ല വെസ്റ്റ് ബ്രാഞ്ചിന്റെ ഉത്ഘാടന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവവചനം വായിക്കുമ്പോൾ അതു നമ്മോട് സംസാരിക്കുകയാണ്. ബൈബിൾ നൽകുന്ന വെളിച്ചത്തിലൂടെ സഞ്ചരിക്കാൻ കഴിയണമെന്നും അദ്ദേഹം പറഞ്ഞു.

ബൈബിൾ സൊസൈറ്റി കേരള ഓക്സിലിയറി പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് ഉദ്ഘാടനം ചെയ്തു. ബ്രാഞ്ച് പ്രസിഡന്റ് റവ. തോമസ് മാത്യു അദ്ധ്യക്ഷത വഹിച്ചു. കേരള ഓക്സിലിയറി സെക്രട്ടറി റവ. മാത്യു സ്കറിയ, ബ്രാഞ്ച് സെക്രട്ടറി ജോജി ഐപ്പ് മാത്യൂസ്, വൈസ് പ്രസിഡന്റ് ആനി ചെറിയാൻ, ജോയിന്റ് സെക്രട്ടറി ആനി മിനി തോമസ്, ട്രഷറർ ജോജി. പി. തോമസ്, മേഖല കോ–ഓർഡിനേറ്റർ വി.വി.മാത്യു, റവ. ജിജി മാത്യൂസ് എന്നിവർ പ്രസംഗിച്ചു.

## ക്രൈസ്തവ സംഗീത സായാഹനം

തൃശൂർ: റൈസ് ആൻഡ് ഷൈൻ ഗോസ്പൽ മിനിസ്ട്രീസ് സംഗീത സായാഹനം ഏപ്രിൽ 29 ഞായർ 5 നു പറവട്ടാനി ശാരോൻ ഗ്രൗണ്ടിൽ നടക്കും. ഇമ്മാനുവേൽ ഹെൻട്രി, ജോസ് പത്തനാപുരം, ജോൺസൻ, അനീഷ്, തോംസൺ, ലിജി യേശുദാസ് എന്നിവർ ഗാനങ്ങൾ ആലപിക്കും. യേശുദാസ് ജോർജ്ജിന്റെ നേതൃത്വത്തിൽ ഹോളി ഹാർപ്സ് ഓർക്കസ്ട്ര നിർവഹിക്കും. ടോണി ഡി.ചെവ്വൂക്കാരൻ അവതരണം നടത്തും. പാസ്റ്റർ ടി.വൈ ജെയിംസ് പ്രസംഗിക്കും. പാ.റെജി ജോൺ, പോൾസൻ ബാബു, നിഖിൽ സേവ്യർ, സി.വി.തോമസ്, ബ്ലസൻ വർഗീസ് എന്നിവർ നേതൃത്വം നൽകും.


## ക്രൈസ്തവ സംഗീത സായാഹനം

തൃശൂർ: റൈസ് ആൻഡ് ഷൈൻ ഗോസ്പൽ മിനിസ്ട്രീസ് സംഗീത സായാഹനം ഏപ്രിൽ 29 ഞായർ 5 നു പറവട്ടാനി ശാരോൻ ഗ്രൗണ്ടിൽ നടക്കും. ഇമ്മാനുവേൽ ഹെൻട്രി, ജോസ് പത്തനാപുരം, ജോൺസൻ, അനീഷ്, തോംസൺ, ലിജി യേശുദാസ് എന്നിവർ ഗാനങ്ങൾ ആലപിക്കും. യേശുദാസ് ജോർജ്ജിന്റെ നേതൃത്വത്തിൽ ഹോളി ഹാർപ്സ് ഓർക്കസ്ട്ര നിർവഹിക്കും. ടോണി ഡി.ചെവ്വൂക്കാരൻ അവതരണം നടത്തും. പാസ്റ്റർ ടി.വൈ ജെയിംസ് പ്രസംഗിക്കും. പാ.റെജി ജോൺ, പോൾസൻ ബാബു, നിഖിൽ സേവ്യർ, സി.വി.തോമസ്, ബ്ലസൻ വർഗീസ് എന്നിവർ നേതൃത്വം നൽകും.


2 –ാംപേജിൽ നിന്ന്....

## ഒന്നായ് പാടാം യേശുവിനായ്

(മ്യൂസിക് ജനറൽ കൺവീനർ), ജോജി ഐപ്പ് മാത്യൂസ് (സെക്രട്ടറി), ബിന്നി മാത്യു (മ്യൂസിക് കൺവീനർ), ബിനു വടശേരിക്കര (പ്രോഗ്രാം കൺവീനർ) എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റി പ്രാഥമിക പ്രവർത്തനങ്ങൾ തുടങ്ങി. വിപുലമായ ക്രമീകരണങ്ങൾക്കായി ജനറൽ കമ്മിറ്റി രൂപീകരണം ഉടൻ നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

സംഗീത മഹാസംഗമത്തിലേക്കുള്ള ഗായകരെ തിരഞ്ഞെടുക്കുന്നതിനുള്ള ശബ്ദപരിശോധന കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലായി സെപ്റ്റംബർ 30ന് മുൻപ് നടക്കും. സംഗീതത്തോട് താൽപര്യമുള്ള യുവതീയുവാക്കളും വിദ്യാർത്ഥികളും സഭാപാസ്റ്ററുടെയും രക്ഷിതാക്കളുടെയും ശുപാർശയോടെ പൂരിപ്പിച്ച ഫോമുകൾ തിരികെ നൽകണം. ഫോമുകൾ ആവശ്യമുള്ളവർ onnai padam yeshuvinayi എന്ന ഫേസ്ബുക്ക് പേജിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ആയിരം പേർ ചേർന്നുള്ള അവസാനഘട്ടപരിശീലനം ഡിസംബർ ആദ്യം തിരുവല്ലയിൽ നടക്കും. നൂറ് പേര് വീതമുള്ള സംഘമാകും പ്രാദേശികതലത്തിൽ ആദ്യഘട്ടപരിശീലനം നടത്തുന്നതെന്ന് ചെയർമാൻ എൻ.എം. രാജു, മ്യൂസിക് കൺവീനർ ഭക്തവൽസലൻ എന്നിവർ അറിയിച്ചു.


*Praise the Lord*

*Jesus Christ is the answer for all your problems*

**ഉപവാസ പ്രാർത്ഥന**

2018 മെയ് 7 മുതൽ 20, ഞായറാഴ്ച ഉച്ചവരെ (14 ദിവസം)

രാവിലെ 10.00 – 1.00 വരെ വൈകീട്ട് 6.00 – 8.30 വരെ

സ്ഥലം :

**റിവൈവൽ ടാബർനാക്കിൾ ചർച്ച്**

കണ്ണായത്ത് റോഡ്, 3rd ക്രോസ് (KRRWA-46), മാമംഗലം, കൊച്ചി – 25

കൊച്ചി മെട്രോ പോസ്റ്റ് നമ്പർ : 483 ന് സമീപം.

അനുഗ്രഹീത ദൈവദാസന്മാർ വചനം ശുശ്രൂഷിക്കുന്നു

മദ്യപാനം, മയക്കുമരുന്ന്, കുടുംബ പ്രശ്നം,

നിരാശയുള്ളവർക്കായി പ്രത്യേക പ്രാർത്ഥനയും കൗൺസിലിംഗും


താല്പര്യമുള്ള ഏവർക്കും പ്രാർത്ഥനയൽ സംബന്ധിക്കാം

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ ജോൺ ജോസഫ് : 93875 49185

**WWW.GRACETHEOLOGICAL.COM**

പഠനം 6

# മടങ്ങി വരുന്നു...




**നീതിമാനായ ദൈവം, തന്റെ നീതി പ്രദർശിപ്പിച്ചതു കാൽവറിയിൽ ആകുന്നു. ഈ ദൈവസ്നേഹം തിരിച്ചറിഞ്ഞ മനുഷ്യൻ, വീണ്ടും സാത്താന്റെ തന്ത്രങ്ങളിൽ കുടുങ്ങുന്ന കാഴ്ച എത്രയോ പരിതാപകരമാണ്. ഒരു പഴത്തിനുവേണ്ടി പറുദീ നഷ്ടപ്പെടുത്തിയ മനുഷ്യൻ, ഒരു കപ്പ് ചുവന്ന പായസത്തിനുവേണ്ടി ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയ ഏശാവ്, ഇവയൊക്കെ ഇന്ന് പ്രസംഗ വിഷയങ്ങൾ മാത്രമായിരിക്കുന്നു.**

**യേ**ശുക്രിസ്തു തന്റെ ഐഹിക ജീവകാലത്തു പറഞ്ഞ ഒരു പ്രസ്താവന വളരെ ശ്രദ്ധേയമാണ്. ''മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?'' (ലൂക്കോ.18:8). യേശു ഈ ഭൂമിയിൽ വന്നു ജീവിച്ചു മരിച്ചത് നമ്മെ വീണ്ടെടുക്കുവാൻ വേണ്ടിയാണ്. ഏദൻ തോട്ടത്തിൽ ദൈവം വിലക്കിയ വൃക്ഷഫലത്തിന്, മറ്റു ഫലങ്ങളേക്കാൾ മെച്ചമൊന്നും ഉണ്ടായിരുന്നില്ല (ഉല്പ.3:6, 2:9).

ക്ഷീണിച്ചുവന്ന ഏശാവിനെ വീഴ്ത്തുവാൻ യാക്കോബ് ചുവന്ന പായസം ഉണ്ടാക്കി കാത്തിരുന്നതുപോലെ, പിശാച് അനേകരെ വീഴ്ത്തുവാൻ പലതും ഉണ്ടാക്കി കാത്തിരിക്കുകയാണ്. ഏശാവ് വീണതിനേക്കാൾ വേഗത്തിൽ അനേകർ വീണുകൊണ്ടിരിക്കുന്ന പരിതാപകരമായ കാഴ്ചയാണ് നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്. ഒരു പ്രത്യേകതയുമില്ലാതിരുന്ന ഒരു പഴത്തിനുവേണ്ടി, ഹവ്വയും ആദമും പറുദീസ നഷ്ടപ്പെടുത്തിയതുപോലെ, നിസ്സാരമായ കാര്യങ്ങൾക്കുവേണ്ടി മനുഷ്യൻ വിലപ്പെട്ടതെല്ലാം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

പിശാചിന്റെ മൂന്ന് ആയുധങ്ങൾ ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം എന്നിവയാണ് (1.യോഹ.2:16). ഏദൻ തോട്ടത്തിൽ, പിശാച് ഈ മൂന്ന് ആയുധങ്ങളും ഹവ്വയുടെ നേരെ പ്രയോഗിച്ചു. സാത്താൻ ജയിച്ചു, മനുഷ്യൻ തോറ്റു. ദൈവത്തിന്റെ മകൻ, അന്ധകാര പ്രഭുവിന്റെ അടിമയായി മാറി. ദൈവം മനുഷ്യനെ ഏൽപ്പിച്ചതെല്ലാം പിശാചിന്റെ കയ്യിലെത്തി (ഉല്പ.3:6, ലൂക്കോ.3:38, എഫേ.2:1-2, ലൂക്കോ.4:5-7). ദൈവ കല്പന ലംഘിച്ചു, നാശത്തിലായ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി യേശു ഭൂമിയിൽ വന്നു, നമ്മുടെ വീണ്ടെടുപ്പു വില കാൽവറിയിൽ കെട്ടിവെച്ചു, നമ്മെ വിടുവിച്ചു. നീതിമാനായ ദൈവം, തന്റെ നീതി പ്രദർശിപ്പിച്ചതു കാൽവറിയിൽ ആകുന്നു. ഈ ദൈവസ്നേഹം തിരിച്ചറിഞ്ഞ മനുഷ്യൻ, വീണ്ടും സാത്താന്റെ തന്ത്രങ്ങളിൽ കുടുങ്ങുന്ന കാഴ്ച എത്രയോ പരിതാപകരമാണ്. ഒരു പഴത്തിനുവേണ്ടി പറുദീ നഷ്ടപ്പെടുത്തിയ മനുഷ്യൻ, ഒരു കപ്പ് ചുവന്ന പായസത്തിനുവേണ്ടി ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തിയ ഏശാവ്, ഇവയൊക്കെ ഇന്ന് പ്രസംഗ വിഷയങ്ങൾ മാത്രമായിരിക്കുന്നു. ഈ പ്രസംഗങ്ങൾ കേട്ട് കൈയ്യടിക്കുമ്പോൾ, അനേകർ ചിന്തിക്കുന്നത് ഇന്ന്, ഇന്നവരൊക്കെ ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു എന്നാണ്. എന്നാൽ എനിക്ക് ഇന്നത്തെ പ്രസംഗം വേണ്ടതായിരുന്നു എന്ന് പലർക്കും തോന്നുന്നില്ല. ലവോദിക്യ സഭയുടെ ഗതികെട്ട ലക്ഷണമാണിത് (വെളി.3:17). നമ്മുടെ ഹൃദയദൃഷ്ടി മങ്ങിയിരിക്കുന്നു എന്ന യാഥാർത്ഥ്യം ഗ്രഹിച്ച്, അതിനു വിലകൊടുത്ത് മടങ്ങിവരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു (വെളി.3:18).

നമ്മുടെ സഭായോഗങ്ങളിലും, കൺവൻഷനുകളിലും ഇന്ന് ഉയരുന്നത്? സംഘാടകരുടേയും, പ്രസംഗകരുടേയും നാമം ഉയരുകയാണിന്ന്. കർത്താവിന്റെ നാമം മാത്രം ഉയരേണ്ട വേദിയിൽ, മനുഷ്യന്റെ നാമം ഉയരുന്നു. അതിനുവേണ്ടി 'പെടാപാടു' പെടുന്ന കാഴ്ച ദയനീയമാണ്. യേശു പരീശന്മാരോടു പറഞ്ഞ ഒരു വാചകം ശ്രദ്ധേയമാണ്. '' നിങ്ങൾ നിങ്ങളെത്തന്നെ മനുഷ്യരുടെ മുന്നിൽ നീതീകരിക്കുന്നവർ ആകുന്നു, ദൈവമോ നിങ്ങളുടെ ഹൃദയം അറിയുന്നു. മനഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറപ്പത്രേ''(ലൂക്കോ.16:15).

സ്വയം നീതിമാന്മാർ എന്നു ധരിച്ച്, മറ്റുള്ളവരെ തരം താഴ്ത്തുന്നവരെ കുറിച്ച് യേശു പറഞ്ഞ ഉപമ, ലൂക്കോ.18:9 മുതൽ ഉള്ള വാക്യങ്ങളിൽ എഴുതിയിട്ടുണ്ട്. ചുങ്കക്കാരനും, പരീശനും പ്രാർത്ഥിപ്പാൻ ദൈവാലയത്തിൽ പോയി. പരീശന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ തന്നെ തന്നെ നീതീകരിച്ചുകൊണ്ടുള്ളതായിരുന്നു.

പരീശൻ ദൈവത്തോടു പറഞ്ഞതെല്ലാം സത്യം തന്നെയായിരുന്നു. വ്യഭിചാരവും, പിടിച്ചുപറിയും, മ്ലേഛതയുമൊന്നും അവൻ ചെയ്യുന്നില്ല, ആഴ്ചയിൽ രണ്ടുദിവസം ഉപവസിക്കുന്നു, ലഭിക്കുന്നതിനെല്ലാം ദശാംശം നൽകുന്നു, എല്ലാം ശരിയാണ് പക്ഷേ, അവൻ നീതീകരിക്കപ്പെടാത്തവനായി മടങ്ങിപോകേണ്ടി വന്നു. എന്നാൽ, പരീശൻ കണ്ണുനീരോടെ, താഴ്മയോടെ, സത്യസന്ധമായി പ്രാർത്ഥിക്കുന്നു. ഹൃദയം തകർന്നു പ്രാർത്ഥിക്കുന്നു. ദൈവത്തോട് ക്ഷമ ചോദിച്ച്, മാറത്തടിച്ചു, കരുണയ്ക്കായി യാചിച്ചു. അവൻ നീതീകരിക്കപ്പെട്ടവനായി മടങ്ങിപോയി.

ഇവിടെ പരീശന് എവിടെയാണ് പിഴവു പറ്റിയത്? അവൻ തന്നെത്തന്നെ ദൈവസന്നിധിയിൽ നീതീകരിക്കുന്നു. മാത്രമല്ല, ചുങ്കക്കാരനെ തരംതാഴ്ത്തുന്നു. 'താൻ അവനെപ്പോലെ അല്ലാത്തതിനാൽ ദൈവത്തെ വാഴ്ത്തുന്നു'. എന്നൊക്കെ പറയുമ്പോൾ, അതൊക്കെ ദൈവത്തിന് ഇഷ്ടപ്പെടുമെന്ന് ധരിക്കുന്നു. വിശുദ്ധിയിൽ ഭയങ്കരനായ ദൈവത്തിന്റെ മുമ്പിൽ തന്നെ തന്നെ നീതീകരിക്കുവാൻ ഏതു മനുഷ്യനാണ് കഴിയുക? കത്തി ജ്വലിച്ചു നിൽക്കുന്ന സൂര്യന്റെ മുമ്പിൽ നിന്നുകൊണ്ട്, കത്തി നിൽക്കുന്ന ഒരു മെഴുകുതിരിക്ക് എന്തു പ്രശംസയാണ് പറയുവാൻ കഴിയുന്നത്? എത്ര ശക്തമായി കത്തിയാലും, മെഴുകുതിരിയല്ലേ കത്തുന്നത്. സൂര്യന്റെ മുമ്പിൽ അതിന്റെ ചൂടും പ്രകാശവും ഒന്നുമില്ലായെന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. ജീവനുണ്ടായിരുന്നെങ്കിൽ സൂര്യൻ ചിരിച്ചേനേ, മെഴുകുതിരിയുടെ അവകാശവാദങ്ങൾ കേട്ട്.

ആത്മാവിൽ നമുക്കുള്ള ദാരിദ്രാവസ്ഥയെക്കുറിച്ച്, ഒരു ബോധം നമുക്കുണ്ടാകണം. നാം ഇനിയും കയറേണ്ട അനേക പടവുകൾ ബാക്കി കിടക്കുന്നു. ഇന്ന് നാം ഒന്നുമായിട്ടില്ല. ക്രിസ്തുവിന്റെ തലയോളം നമ്മെ വളർത്തിയെടുക്കുവാൻ പരിശുദ്ധാത്മാവ്, ആഗ്രഹിക്കുമ്പോൾ താഴ്മയോടും, വിനയത്തോടും ഏല്പിച്ചു കൊടുക്കുകയാണ് ചെയ്യേണ്ടത്. ഒരു ആത്മീക വളർച്ച ആവശ്യമാണെന്ന് നാം തിരിച്ചറിയണം. ആഗ്രഹിക്കുന്ന ആത്മാക്കളെ ദൈവം തൃപ്തിപ്പെടുത്തും. രക്ഷയ്ക്കായി കാംക്ഷിക്കുന്നവരെ ദൈവം അതിൽ ആക്കും.

യേശുക്രിസ്തു വിളിച്ചു പറഞ്ഞു ''ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പീൻ'' (മത്താ.11:29). യേശുക്രിസ്തു സൗമ്യതയും, താഴ്മയും ഉള്ളവനാണ്. കർത്താവിൽനിന്ന് പഠിച്ചവർക്കും അതുണ്ടാകും. ദൈവം അതിനായി നമ്മെ സഹായിക്കട്ടെ.


## പ്രവർത്തനത്തെ സഹായിക്കുക

വെണ്ണിക്കുളം കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ഗ്രെയ്സ് മിഷന്റെയും ഗ്രെയ്സ് തിയോളജിക്കൽ കോളേജിന്റെയും പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായി സഹായികികുവാൻ ആഗ്രഹമുള്ളവർ ദയവായി ഞങ്ങളെ വിളിക്കുക.

ഞങ്ങളുടെ പ്രവർത്തനങ്ങളെ നേരിലറിയാൻ അവസരങ്ങൾ ഒരുക്കിയിരിക്കുന്നു.വെണ്ണിക്കുളത്തെ ഓഫീസ് സന്ദർശിക്കാവുന്നതാണ്, ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**പാസ്റ്റർ. റെന്നി ഇടപ്പറമ്പിൽ**
ഫൗണ്ടർ & ചെയർമാൻ
**ഗ്രെയ്സ് മിഷൻ**
വെണ്ണിക്കുളം പി. ഒ തിരുവല്ല 689 544, പത്തനംതിട്ട ജില്ല കേരളാ, ഇന്ത്യ.
**ഫോൺ: 0469 275 100/09446625996**
**e-mail.graecetheological@gmail.com, vennikulamoffice@gmail.com**



# സ്വർഗ്ഗീയ ആരാധന



**പാസ്റ്റർ ജോൺസൺ ജോർജ്ജ്**
**9207131095**

### ആരുമായിട്ടും ആരാധിക്കാമോ ?

കർത്താവിനെ രക്ഷിതാവും കർത്താവുമായ സ്വികരിച്ച ഏവരും ദൈവമക്കളും കർത്താവിൻറെ സാർവ്വത്രിക സഭയുടെ അംഗവുമാണ്. രക്ഷിക്കപ്പെട്ട വ്യക്തി സ്നാനപ്പെട്ടശേഷമേ കർത്തൃമേശയോടുകൂടിയുള്ള ആരാധനക്ക് യോഗ്യനാകു. ഒന്നാം നൂറ്റാണ്ടിൽ ഒരുവൻ രക്ഷിക്കപ്പെടുന്ന സമയം തന്നെ സ്നാനപ്പെട്ടിരുന്നു. അന്ന് രക്ഷിക്കപ്പെട്ട സ്നാനപ്പെടാത്ത വിശ്വാസികൾ ആരും ഉണ്ടായിരുന്നതായ് കാണുന്നില്ല. അന്ന് ദൈവജനം അവിടവിടെയായ് കുടിയിരുന്നെങ്കിലും എല്ലായിടത്തും അപ്പോസ്തോലിക ഉപദേശം മാത്രം നിലനിന്നിരുന്നു. ഒരു വിശ്വാസിക്ക് എവിടെ വേണമെങ്കിലും കുടി കർത്താവിനെ ആരാധിക്കാമായിരുന്നു. കാലങ്ങൾ കഴിഞ്ഞപ്പോൾ ദുരുപദേശങ്ങൾ സഭകളിൽ കടന്നുപിടിച്ചു. ഉപദേശ വ്യത്യാസങ്ങൾ അനേക സഭാവിഭാഗങ്ങളിൽ നിലവിൽ വന്നു. അങ്ങനെയാണെങ്കിൽ ഒരു വിശ്വാസിക്ക് എവിടെയും എങ്ങനേയും ആരാധിക്കാൻ സാധിക്കുമോ ? ഉപദേശരൂപത്തിൽ വ്യത്യസ്തത പുലർത്തുന്നവരുമായി കർത്താവിനെ ആരാധിക്കാൻ സാധിക്കുമോ നാം ചിന്തിക്കേണ്ടതാണ്.

### A. ആരുമായി ആരാധന കഴിക്കരുത്?

അവിശ്വാസികളുമായിട്ടുള്ള വിശ്വാസിയുടെ ബന്ധം ഏതു നിലയിൽ ആയിരിക്കണമെന്ന് തിരുവെഴുത്ത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ദുഷ്ടന്മാരുടെ ആലോചനപ്രകാരം നടക്കരുത് (സങ്കി:1:1) വ്യർത്ഥന്മാരോടുകൂടെ ഞാൻ ഇരുന്നിട്ടില്ല കപടക്കരുടെ അടുക്കൽ ഞാൻ ചെന്നിട്ടുമില്ല ദുഷ്പ്രവർത്തിക്കാരുടെ സംഘത്തെ ഞാൻ പകച്ചിരിക്കുന്നു. ദുഷ്ടന്മാരോടുകൂടെ ഞാൻ ഇരിക്കുകയുമില്ല (സങ്കി:26:48) വിശ്വാസികളും അവിശ്വാസികളും തമ്മിൽ ഇണയില്ലാപ്പിണ കുടാൻ പാടില്ല.

അങ്ങനെ കൂടിയാൽ നീതിക്കും അധർമ്മത്തിനും തമ്മിൽ എന്തെങ്കിലും ചേർച്ച ഉണ്ടായിരിക്കുമോ ? അതുപോലെ ആകുകയുള്ളു. ക്രിസ്തുവിനും ബലിയാലിനും തമ്മിൽ എന്ത് പൊരുത്തം ? വിശ്വാസിക്കും അവിശ്വാസിക്കുമായ് എന്ത് ഓഹരി ? വിശ്വാസിക്ക് അവിശ്വാസിയുമായ് യാതൊരു ആത്മീയ ഓഹരിയുമില്ല. ദേവാലയത്തിന് വിഗ്രഹങ്ങളോട് എന്ത് യോജ്യത ? വിഗ്രഹങ്ങളോടും വിഗ്രഹ ആരാധികൾ കുടിയിരിക്കുന്നിടത്തും ദൈവജനത്തിന് എന്ത് ആത്മീയ ബന്ധമാണുള്ളത്. നാം ജീവനുള്ള ദൈവത്തിൻെറ ആലയമാണ്. അവരുടെ നടുവിൽനിന്നും പുറപ്പെട്ട് വേർപെട്ടിരിപ്പിൻ എന്ന് കർത്താവ് അരുളിച്ചെയ്യുന്നു (2കൊരിന്ത്:6:14 17) അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരനാകാതെയും ഇരിപ്പിൻ അവളെ വിട്ടുപോരുവിൻ (വെളിപ്പാട്:18:4) മുകളിൽ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിന്നും യഥാർത്ഥ വിശ്വാസി ലോകത്തിൽ ജീവിക്കുമ്പോൾ അവിശ്വാസികളുമായ് ഇങ്ങനെയുള്ള ബന്ധമാണ് പുലർത്തേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരു വിശ്വാസിക്ക് അവിശ്വാസിയുമായ് യാതൊരു പങ്കും ഓഹരിയും ഇല്ലാതിരിക്കുമ്പോൾ അവിശ്വാസികൾ ഇരിക്കുന്ന സദസിൽ വിശ്വാസികൾക്ക് സഭയായ് ആരാധിക്കാൻ എങ്ങനെ കഴിയും. പാപികളുടെ വഴിയിൽ നിൽക്കരുതെന്നും പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുതെന്നും തിരുവെഴുത്ത് പറയുമ്പോൾ അങ്ങനെയുള്ളവർ കൂടുന്ന ഒരു സദസിൽ ദൈവത്തെ എങ്ങനെയാണു ആരാധിച്ച് മഹത്വപ്പെടുത്തുന്നത് ? ഒരിക്കലും ഒരു ദൈവപൈതലിനു സാധിക്കയില്ല. അതുപോലെ രക്ഷിക്കപ്പെട്ടവർ ആണെങ്കിലും പരസ്പരം ഉപദേശ ഐക്യം ഇല്ലാത്തവരുമായ് എങ്ങനെ ഒരു ഭക്തനായ വിശ്വാസിക്ക് ആത്മാവിലും സത്യത്തിലും ആരാധിക്കാൻ സാധിക്കും . അതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന കൂട്ടർ ഇരിക്കുന്ന സദസിൽ ഒരു വിശ്വാസിക്ക് ആരാധിക്കാൻ സാധിക്കയില്ല.; അങ്ങനെ ആരാധിക്കാൻ തിരുവെഴുത്തിൽ പ്രമാണമില്ല.

### B. ആരുമായി ആരാധന കഴിക്കണം?

ദൈവത്തെ ആരാധിക്കുന്നവർ ആരുമായിച്ചേർന്ന് ആരാധിക്കണം എന്ന് തിരുവെഴുത്ത് വ്യക്തമായ സൂചന നൽകുന്നുണ്ട് ‘പിതാവായ ദൈവത്തിന്റെ മുന്നറിവിനു ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധികരണം പ്രാപിച്ച് അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനുമായ് വൃതന്മാരായവർക്ക്‘ (1പത്രോസ്:1:2) ക്രിസ്തുയേശുവിൽ വിശുദ്ധികരിക്കപ്പെട്ടവരും

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻറെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവരോടും കൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാർക്ക് (1കൊരിന്ത്:1:2) ഞാൻ നേരുള്ളവരുടെ സംഘത്തിലും സഭയിലും പൂർണ്ണഹൃദയത്തോടെ യഹോവയ്ക്ക് സ്തോത്രം ചെയ്യും (സങ്കി:111:1) യഹോവയ്ക്കു പുതിയൊരു പാട്ടും ഭക്തന്മാരുടെ സഭയിൽ അവന്റെ സ്തുതിയും പാടുവിൻ (സങ്കി:149:1) മുകളിൽ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ നിന്നും നാം മനസിലാക്കുന്നത് എന്താണ് ? ദൈവജനത്തിനു ദൈവജനത്തോട് ചേർന്ന് മാത്രമേ കർത്താവിനെ ആരാധിക്കാൻ സാധിക്കു. നേരുള്ളവരുടെ സംഘത്തിലും സഭയിലും പൂർണ്ണ ഹൃദയത്തോടെ യഹോവയ്ക്ക് സ്തോത്രം ചെയ്യും എന്ന് സങ്കിർത്തനക്കാരൻ പറയുന്നു.

ദൈവജനവും ലോകമനുഷ്യരും കൂടുന്ന യാതൊരു സമ്മേളനത്തിലും ദൈവജനത്തിനു സഭയായ് കുറച്ചു സമയം ആരാധിക്കാൻ കഴിയുകയില്ല. അങ്ങനെ ദൈവജനം ആരാധിച്ചാൽ നേരുള്ളവരുടെ സംഘത്തിൽ വസിക്കുന്ന ദൈവം അവരുടെ ആരാധന സ്വികരിക്കാൻ വരുന്നതെങ്ങനെ ? വേർപെട്ട ദൈവജനം വേർപെട്ടവരുമായ് തന്നെ ദൈവത്തെ ആരാധിക്കണം.

രക്ഷിക്കപ്പെട്ടവരുടെ കൂട്ടമാണ് ദൈവസഭ എന്നതിനാൽ ഏത് കൂട്ടത്തിലും പോയി എങ്ങനെയും ആരാധിച്ചാൽ ദൈവം സ്വികരിക്കുമോ ? ഒരിക്കലും സ്വികരിക്കയില്ല. സഭയായ് ദൈവത്തെ ആരാധിക്കുമ്പോൾ ആ സഭയുമായി ഉപദേശപരമായ് ഐക്യം വളരെ അത്യാവശ്യമാണ്. നമുക്ക് ദൈവത്തിൻറെ പരിശുദ്ധത്മാവ് ഇല്ല എന്ന് പറയുന്നവരോട് ചേർന്ന് എങ്ങനെ ആത്മാവിലും സത്യത്തിലും ആരാധിക്കാൻ സാധിക്കും. ആരാധനയിൽ ദൈവമക്കൾ എന്ന ഐക്യം വേണം.

മാനസികമായ ഐക്യം അഥവാ പരസ്പരം പ്രയാസങ്ങൾ ഉണ്ടെങ്കിൽ അതിനു പരസ്പര ഐക്യം ഉണ്ടായിട്ടേ ദൈവത്തെ ആരാധിക്കാവൂ. എല്ലാറ്റിലും ഉപരിയായി തന്നെത്താൻ ദൈവസന്നിധിയിൽ ഒരുക്കപ്പെട്ടു ശുദ്ധികരണത്തോടെ ഒരുങ്ങിവന്നു ആരാധിക്കുന്നവരുടെ ആരാധന മാത്രമേ ദൈവം സ്വികരിക്കയുള്ളു. അല്ലാത്ത ആരാധനകൾ ഒന്നും ദൈവ വചനപ്രകാരം സുഗ്രാഹ്യമായ ആരാധന അല്ല. (തുടരും)



**ധ്യാനം : 01**

# അവകാശി ഗലാത്യർ. 4 :1

**പാസ്റ്റർ ഷാജി. എം. പോൾ, വെണ്ണിക്കുളം**

ഭൂമിയിൽ രണ്ടുവിധത്തിലാണ് പ്രധാനമായും മനുഷ്യർക്ക അവകാശം ലഭിക്കുന്നത്. ഒന്നാമത് ജന്മം കൊണ്ടു കിട്ടുന്ന അവകാശം. രണ്ടാമത് കർമ്മം കൊണ്ടുകിട്ടുന്ന അവകാശം. ഒരു അപ്പന്റെ മകനായി ജനിച്ചതുകൊണ്ട് അപ്പന്റെ സ്വത്തിന് മകൻ അവകാശിയായിത്തീരുന്നു. ഇത് ഒരു ജന്മാവകാശം. അടുത്തത് ഒരു ഗവൺമെന്റു ജീവനക്കാരനായി മുപ്പതുകൊല്ലം സേവനം ചെയ്താൽ അയാളുടെ ശമ്പളത്തെ കൂടാതെ ബോണസ്, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റ്വിറ്റി, പെൻഷൻ ഇതെല്ലാം അയാളുടെ അവകാശമാണ് ഇത് അയാളുടെ കർമ്മം കൊണ്ടു ലഭിക്കുന്നതാണ്.

സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ നമുക്കും ഇതുപോലെ തന്നെ രണ്ടു തരം അവകാശം കിട്ടും. ഒന്ന് ജന്മം കൊണ്ടു കിട്ടുന്നത്. അത് ക്രിസ്തീയ കുടുംബത്തിൽ ജനിച്ചതുകൊണ്ടല്ല വീണ്ടും ജനിച്ചതുകൊണ്ട്. വീണ്ടും ജനിക്കുമ്പോൾ നാം ദൈവമക്കളായിത്തീരും. മക്കളാണെങ്കിൽ നാം അവകാശികളായി. (റോമർ 8: 17). ഭൂമിയിൽ ഇരിക്കുന്ന ഒരാളും ദൈവത്തിന്റെ അവകാശിയായി ജനിക്കുന്നില്ല. വിശ്വാസത്താൽ അവകാശി ആകുകയാണ് (റോമർ 4: 14). സ്വർഗ്ഗത്തിൽ നമുക്കു ലഭിക്കാൻ പോകുന്ന രണ്ടാമത്തെ അവകാശം പ്രതിഫലം എന്ന അവകാശമാണ്. (കൊലോസ്യർ 3: 24). അത് വീണ്ടും ജനിച്ചനന്തരം നാം ചെയ്ത നന്മ പ്രവർത്തിക്കുള്ളതാണ്.

എന്റെ വിശ്വാസം ഞാൻ ചെയ്ത നന്മ പ്രവർത്തികൾക്ക് എനിക്ക് കിട്ടുന്നതിനേക്കാൾ വലിയ അവകാശമായിരിക്കും ഞാൻ ദൈവമകനായതുകൊണ്ട് എനിക്കു കിട്ടാൻ പോകുന്നത്.

ഒരു ദൈവപൈതൽ എന്തിനെല്ലാം അവകാശിക്കുന്നെന്ന് ബൈബിൾ വ്യക്തമാക്കുന്നുണ്ട്. 1) ദൈവത്തിന്റെ അവകാശികൾ (റോമർ 8: 17). ഒരുവൻ ദൈവപൈതൽ ആകുമ്പോൾ അവന്റെ ആദ്യത്തെ അവകാശം സൗഖ്യമോ, വിടുതലോ, നന്മയോ, കിരീടമോ ഒന്നുമല്ല. ദൈവം അവന്റെ സ്വന്തമായിത്തീരുന്നു. ‘‘എന്റെ ദൈവമേ’’എന്ന് വിളിക്കാനുള്ള അവകാശം കിട്ടുന്നു. (ഫിലി. 4: 19). 2) വിശുദ്ധന്മാർക്ക് വെളിച്ചത്തിനുള്ള അവകാശത്തിന് നാം പ്രാപ്തരായി. (കൊലോസ്യർ 3: 12, 13). 3) ദൈവത്തിന്റെ രാജ്യത്തിന് അവകാശി ആകുന്നു ഒരാൾ രക്ഷിക്കപ്പെടുമ്പോൾ (യാക്കോബ് 2: 5). 4) ഒരുവൻ ക്രിസ്തുവിലായാൽ അവൻ നിത്യ ജീവന് അവകാശി ആയിത്തീരുന്നു. (തിത്തോസ് 3: 6). 5) നാം ദൈവത്തെ അനുസരിച്ച് ജീവിക്കാൻ തുടങ്ങുമ്പോൾ വാഗ്ദത്തത്തിന് അവകാശികൾ ആകുന്നു.

(എബ്രായർ 6: 17). 6) നാം വീണ്ടും ജനിച്ചപ്പോൾ സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്ന ക്ഷയം, മാലിന്യം, വാട്ടം ഇവയൊന്നും ഇല്ലാത്ത സ്വത്തിന് അവകാശികൾ ആയിക്കഴിഞ്ഞു. (പത്രോസ് 1: 5). ഹാ രക്ഷപെടാൻ ഭാഗ്യം കിട്ടിയതുകൊണ്ട് കടം മാറിയോ, രോഗം മാറിയോ എന്നതല്ല ഒരു ദൈവഭക്തനെ ഏറെ സന്തോഷിപ്പിക്കുന്നത് മുകളിൽ പറഞ്ഞ എണ്ണമില്ലാത്ത നന്മകൾക്ക് നാം അവകാശികൾ ആയിതീർന്നല്ലോ. കൃപയെന്നല്ലാതെ എന്തു പറയേണ്ടു നാം!! ഈ പറയപ്പെട്ട അവകാശങ്ങൾ

നമ്മുടെ സ്വന്തം ആണെന്നതിനായി ദൈവം തന്റെ പരിശുദ്ധാത്മാവിനെ അച്ചാരമായി തന്നിരിക്കുന്നത് (എഫേ. 1: 14).

രണ്ടു കാര്യങ്ങൾ കൂടി പറഞ്ഞു നിർത്തട്ടെ,- (എബ്രായർ 6: 12) പറയുന്നത് നിങ്ങൾ അവകാശികൾ ആകണമെങ്കിൽ മന്ദതയുള്ളവരാകരുത്. ദീർഘക്ഷമയും, വിദ്യാഭ്യാസവും ഉള്ളവരാകണം (ഗലാത്യർ 4: 1) കാണുന്നത് അവകാശി ശിശുവായിരുന്നാൽ വെറും ഭാവ എന്നാണ്. ആകയാൽ ദൈവം നമ്മെ നിത്യാവകാശത്തിനായി വിളിച്ചിരിക്കയാൽ ഉണരാം, വളരാം, ജയാളികൾ ആകാം. (വെളി 21: 7).

# എറ്റേണൽ വോയ്സ്

**Chief Editor**
Pr. Renny Edapparambil
**Associate Editor**
Rev. Thomason Kaithamangalam
Dr. Monis George
**Circulation Manager**
Br. Jayan John
**Managung Editor**
Br. Joji Iype Mathew
Pr. Aneesh Kollemcode
Pr. Philip Abraham
**Resident Editor**
Br. Blessin John Malayil
**Editor**
Pr. John Mammen
**Executive Editor**
Pr. Renald K. Sunny
**Chief Reporter**
Pr. Shaji Edapparambil
**Co-ordinating Editor**
Br. Joby Edapparambil
**Publisher**
Sis. Ligi Edapparambil

## പരസ്യനിരക്ക്

| Size | Multicolour | Black & White |
|---|---|---|
| Classifides | 1000/- | 750/- |
| Half Quarter | 3500/- | 2500/- |
| Half Page | 7200/- | 5000/- |
| Full Page (Inside) | 10000/- | 7500/- |
| Full Page (Back) | 15000/- | 10000/- |

വരിസംഖ്യ, പരസ്യനിരക്കുകൾ ചുവടെ കൊടുത്തിരിക്കുന്ന അകൗണ്ടിൽ അയച്ചാലും

**RENNY JOHN**
**THE SOUTH INDIAN BANK**
**VENNIKULAM**
**A/C 037305300009747**
**IFSC. SIBL0000373**

ലേഖനങ്ങളുടെ ഉത്തരവാദിത്വം ലേഖകൾക്ക് മാത്രം.



# ഗ്രെയ്സ് തിയോളജിക്കൽ കോളേജ്

## ഗ്രൂപ്പുകളായി ബൈബിൾ പഠിക്കാം

International Association for Theological Accreditation (I.A.T.A)

കോളേജിനോട് ചേർന്ന് നിങ്ങളുടെ സഭയിലോ സമൂഹത്തിലോ, എവിടെയും, ഒരു സെന്റർ തുടങ്ങി ജനത്തെ ബൈബിൾ പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞങ്ങൾ നിങ്ങളെ സഹായിക്കാം. പാഠപുസ്തകങ്ങൾ, സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്..

| | | |
|---|---|---|
| C.Th | 8 | Months |
| Dip.Th | 1 | Year |
| B.Th | 3 | Year |

Pastor Renny Edaparambil
(Founder& Chairman)
0469 275 1000 / 9744642247
www.gracetheological.com

# എല്ലാ വിധ കണ്ണടകൾക്കും സമീപിക്കുക



# EDAPARAMBIL OPTICALS

Computer Eye Testing
Contact Lens Clinig

**Near M.M Hospital Pandalam**

**Br.Joby Edaparambil 09447008082**

## ഒരു പഠനം 4



പാസ്റ്റർ തോംസൺ കൈതമംഗലം
അസ്സോ.എഡിറ്റർ



# പുതിയനീയമ ശുശ്രൂഷകരും ഏലിയാവും

അന്നു കൊച്ചു ബാലനായിരുന്നു എങ്കിലും വഴിയിൽനിന്നും നെല്ലു വാരിയെടുക്കുവാൻ നിസ്സഹായ ആയിരുന്ന അമ്മയേ സഹായിക്കുകയും ആ നെല്ലിന്റെ കഞ്ഞി വയറു നിറയെ മാസങ്ങളോളം കോരി കുടിക്കുകയും ചെയ്ത ആൾ ഇന്ന് അറുപതുകളുടെ തുടക്കത്തിലാണ് എന്നു മാത്രമല്ല, അനേക ക്രിസ്തീയ പുസ്തകങ്ങടെ രചയിതാവും യേശുക്രസ്‌വിന്റെ ഒരു നല്ല സാക്ഷിയും അനുഗ്രഹീത സുവിശേഷകനും അനേകായിരങ്ങൾക്കു സഹായിയും ക്രിസ്തുവിൽ പ്രീയ സ്നേഹിതനുമാണ്.

ഈ പുസ്തകം വായിക്കുന്ന പ്രീയ സഹോദരാ സഹോദരീ, താങ്കൾ വലിയ ബദ്ധപ്പാടുകളുടെ നടുവിൽ ആണെന്ന് അറിയാം. പഴയതൊക്കെ മിക്കവാറും മറന്നെന്നും അറിയാം. എങ്കിലും ഒരു നിമിഷം ഒന്നു നിൽക്കു, പിൻപോട്ടു തിരിഞ്ഞ് ഓർമ്മയുടെ തീരത്തു കൂടെ ഒന്നു യാത്ര ചെയ്തു നോക്കൂ. ദൈവീക കരുതലുകൾ, കാലുകൾ വഴുതി പോകുന്നു എന്നു തോന്നിയ സന്ദർഭങ്ങൾ. ഒരിക്കലും ഉയരില്ല എന്നു നിനെച്ചു പോയ നിമിഷങ്ങൾ. ദാവീദിനേ പൊലെ ഒട്ടും ബലം ഇല്ലാതെ ആകുവോളം കുടുംബത്തേ ഓർത്ത്, കുഞ്ഞുങ്ങളേ ഓർത്ത് എറിയുവാൻ കല്ലെടുത്തവരേ ഓർത്ത് ഏങ്ങിമോങ്ങി കരഞ്ഞ ദിനരാത്രങ്ങൾ. അതിന്റെ എല്ലാം മദ്ധ്യത്തിൽ കൂടി കർത്താവു കരം പിടിച്ചു നടത്തിയ വഴികൾ, അൽഭുതങ്ങൾ.

മറുവശത്ത്, ഒരിക്കൽ ദൈവ കൃപയുടെ ആഴം ആരാഞ്ഞറിയുകയും ദൈവീക രോഗശാന്തി ഏറ്റുവാങ്ങുകയും പ്രതികൂലങ്ങളിൽ പതറാതെ സധൈര്യം കാറ്റിനേയും കടലിനേയും ശാസിച്ച് ആത്മാവിലും സത്യത്തിലും ദൈവത്തേ ആരാധിച്ചു മുന്നേറിയ ദൈവജനത്തിന്റെ പിൻമാറ്റവും വഷളത്വവും കണ്ടു കണ്ണു നിറയുന്നുണ്ടോ? പെന്തിക്കോസ്തിന്റെ ശക്തി നമ്മുടെ ഇടയിൽ നിന്നും നീങ്ങിപ്പോകുന്ന കാഴ്ച കണ്ടിട്ട് ഗദ്ഗദപ്പെടാറുണ്ടോ? ആത്മീയ നേതൃനിരകളിൽ വ്യാപരിക്കുന്ന അധികാര ഭ്രമവും അഹങ്കാരവും കണ്ടു നെഞ്ചിടിക്കുന്നുണ്ടോ? അങ്ങനെ തോന്നുന്നുണ്ടെങ്കിൽ നിന്നിൽ പകർന്ന അഭിഷേകത്തിന്റെ ശക്തി കെട്ടടങ്ങിയിട്ടില്ല. അൽപം ചാരം മൂടിയെന്നേ ഉള്ളൂ. സാരമില്ല, ചാരത്തിനടിയിൽ കിടക്കുന്ന കനലിനേ ഊതി കത്തിക്കൂ, ആളേക്കൂട്ടാനും അഭിപ്രായം പറഞ്ഞു നിൽക്കാനും സമയമില്ല. കുട്ടി പത്രങ്ങളിൽ ലേഖനം എഴുതി നാടാകെ നാറ്റിക്കുവാൻ നോക്കാതെ പ്രാർത്ഥനയുടെ ബലത്തോടെ, ആത്മാ വിന്റെ ശക്തിയോടെ, ഒരു വലിയ ആത്മീയ പോരാട്ടത്തിനും മുന്നേറ്റത്തിനും ഉണർവ്വിനു മായി ഏലിയാവിനേ പോലെ കാലെടുത്തു വെക്കുവാൻ സമയമായി.

കൊട്ടാരത്തിൽ നിൽക്കുന്ന ഏലിയാവിന്റെ അടുക്കലേക്കു മടങ്ങിച്ചെല്ലാം. അല്ല, താൻ അവിടെ നിൽക്കുകയല്ല, അതി വേഗം തിരിഞ്ഞു നടക്കുകയാണ്. ഭാവ വത്യാസങ്ങൾ ഒന്നും തന്നെ ഇല്ല. രാജാവും രാജ്ഞിയും രാജസദസ്സും രാജാവിന്റെ കാവൽ ഭടന്മാരും സകല പരിവാര വൃന്ദ ങ്ങളും ഇമ വെട്ടാതെ, ഒരക്ഷരം ഉച്ചരിക്കാതെ, നിൽക്കുന്ന നിൽപിൽ നിർന്നിമേഷരായി പ്രവാ ചകനേ തന്നേ നോക്കി നിൽക്കുന്നു.

പറയുവാനുള്ള ദൂത് ഒട്ടും മറെച്ചു വെക്കാതെ, അല്പം പോലും അതിനോടു കൂട്ടാതെ, അല്പം പോലും കുറക്കാതെ, അനുസരണത്തോടും അധികാരത്തോടും ആജ്ഞാനുവർത്തി യായി അറിയിച്ചതിനു ശേഷം ഏലിയാവ് എന്ന ദൈവദാസൻ പിന്നെ അവിടെ വട്ടമടിച്ചു നിന്നില്ല. പുറകേ ആരെങ്കിലും വരുന്നുണ്ടോ എന്ന് തിരിഞ്ഞു നോക്കിയില്ല. ഇനി എന്ത്? എവിടേക്ക്? എന്നുള്ള ചോദ്യത്തിനു മുമ്പിൽ തൽക്ഷണം സ്വർഗത്തിൽ നിന്നും ഉത്തരം ഉണ്ടായി.

നീ ഇവിടെ നിന്നു പുറപ്പെട്ടു കിഴക്കോട്ടു ചെന്ന് യോർദ്ദാനു കിഴക്കുള്ള കെരിത്തു തോട്ടി നരികെ ഒളിച്ചിരിക്കുക. തോട്ടിൽ നിന്നു നീ കുടിച്ചുകൊള്ളണം. അവിടെ നിനക്കു ഭക്ഷണം തരേണ്ടതിനു ഞാൻ കാക്കയോടു കൽപിച്ചിരിക്കുന്നുത്മ.

ദൈവാലോചന അറിയിച്ച ശേഷം മടങ്ങി വീട്ടിലേക്കു പോകണം എന്നായിരിക്കാം ഏലിയാവു മനസ്സിൽ കരുതിയത്. എന്നാൽ ദൈവഹിതം അതല്ലായിരുന്നു. ദൈവത്തേ അനുസരിച്ച്, ജീവ നേ തൃണവൽഗണിച്ച് സത്യത്തിനും സത്യാരാധനക്കും വേണ്ടി ഇറങ്ങിത്തിരിച്ച ദൈവഭക്തനു വേണ്ടി ദൈവം തമ്പുരാൻ നേരത്തേ തന്നെ ചില പദ്ധതികൾ തയ്യാറാക്കിയിരുന്നു. മടങ്ങി വീട്ടിലേക്കു പോകുവാൻ ഇടയായാൽ ജീവന് അപകടം ഉണ്ടാകുമെന്ന് അറിയാവുന്ന ദൈവം നേരത്തേ തന്നേ, തന്റെ ദാസന്റെ താമസത്തിനും ഭക്ഷണത്തിനും തുടർന്നുള്ള ശുശ്രൂഷ ക്കും വേണ്ട ക്രമീകരണങ്ങൾ ചെയ്തിരുന്നു. അത് അതേപടി അംഗീകരിക്കുവാൻ ഏലിയാവ് തയ്യാറും ആയിരുന്നു.

കൊട്ടാരത്തിൽ ദൂതറിയിച്ചതുകൊണ്ട് ആയില്ല. ആകാശം അടച്ചതുകൊണ്ടും കാര്യം സാധിക്ക ത്തില്ല. മഴയും മഞ്ഞും അനിശ്ചിത കാലത്തേക്ക് തടഞ്ഞു വെക്കുവാനുള്ള അധികാരവും കൃപയും കൃപാവരങ്ങളും കൈയ്യിൽ ഉണ്ടെന്നു മനസ്സിൽ കരുതി നടന്നതുകൊണ്ടും പ്രയോജനം ഇല്ല. ആഹാബിനും ആഹാബിന്റെ ആളുകൾക്കും ദേശത്തിനും ദേശക്കാർക്കും മാനസാന്തരം ഉണ്ടാകണമെങ്കിൽ അവരുടെ നന്മയുടെ സകല വഴികളും അടഞ്ഞേ മതിയാകൂ. എല്ലാ വാതിലുകളും ഉറവിടങ്ങളും അടഞ്ഞ് രാജാവു നേരിട്ട് പുല്ലന്വേഷിച്ചിറങ്ങുവാൻ കുറേ കാലങ്ങൾ എടുക്കും. ഏലിയാവേ നീ അതുവരെ ദൈവസന്നിധിയിൽ ഇടിവിൽ നിൽക്കണം. ദൈവീക പാഠശാലയിൽ ശരിക്കും പഠിക്കണം.

മലയാളി പെന്തിക്കോസ്തുകാരുടെ ഇടയിൽ ഉപദേശിമാരേക്കൊണ്ടു പൊറുതി മുട്ടിയ ഒരു കാലമാണിത്. ഒരുപദേശി തട്ടിവീഴുന്നത് വേറൊരു ഉപദേശിയുടെ മുകളിൽ. അമേരിക്കയിൽ ആണെങ്കിൽ സാക്ഷികളുടെ സമൂഹം എന്ന പോലെ സഭാഹോളിന്റെ മുൻ നിര നിറെച്ച് ഉപ ദേശിമാർ. എവിടെ നിന്നെങ്കിലും എങ്ങനെയെങ്കിലും സമ്പാദിച്ച ഒരു എം. ഡീവ്. മിക്കവാറും എല്ലാവരുടേയും കൈയ്യിൽ കാണും. അതിന്ന് ചവറു പോലെ ലഭ്യവും ആണല്ലോ. മാസത്തിൽ ഒരിക്കലോ രണ്ടു മാസം കൂടുമ്പോഴോ പത്തു മിനിറ്റ് ശൂശ്രൂഷിക്കുവാൻ അവസരം ലഭിക്കും. എല്ലാവരും പാസ്റ്റർ എന്നു വിളിച്ചാൽ അവരുടെ ജീവിതം ധന്യമായി. താമസിക്കുന്ന കൊട്ടാരം വിടുവാനോ വിലകൂടിയ കാറുകളിൽ നിന്നും നിലത്തിറങ്ങുവാനോ ദൈവഹിതം ആരായു വാനോ അത് അതേപടി അംഗീകരിക്കുവാനോ അനുസരിക്കുവാനോ ആരും തയ്യാറല്ല.

കർത്താവിന്റെ മഹത്വമുള്ള വേലയിൽ ആയിരിക്കെ, പ്രതികൂലങ്ങളും പ്രശ്നങ്ങളും എതിരു കളും എതിർപ്പുകളും കടന്നു വരുമ്പോൾ എന്തു ചെയ്യണം എവിടേക്കു പോകണം ആരു സഹായിക്കും ആരു സംരക്ഷിക്കും എന്നൊക്കെ ചിന്തിച്ചും പറഞ്ഞും കരഞ്ഞും നിലവിളിച്ചും വഴി മുട്ടി നിൽക്കുന്ന സന്ദർഭങ്ങൾ ഉണ്ടാകും. അങ്ങനെ ഉള്ള അവസരങ്ങളിൽ മുമ്പോട്ടു പോകുവാനും ഓടി ഒളിക്കുവാനും സ്വന്തമായി ഒരു പ്ലാനും പദ്ധതിയും മനസ്സിൽ ഇല്ലെങ്കിൽ, മാനുഷ്യനിൽ ആശ്രയം വെക്കുന്നില്ലെങ്കിൽ യോനാഥാൻ ദാവീദിനേ വിട്ട് മടങ്ങി കൊട്ടാരത്തി ലെക്കു പോയതു പോലെ തിരികെ പോകുവനുള്ള താൽപര്യം അല്ലെങ്കിൽ, ദൈവഹിതത്തിനു പൂർണമായി കീഴ്പെടുവാനും അനുസരിക്കുവാനും ദൈവം എവിടെ അയച്ചാലും ഏലിയാവിനേ പോലെ പോകുവാൻ തയ്യാറും ആണെങ്കിൽ തമ്പുരാൻ നിശ്ചയമായും ഒരു വഴി കാണിച്ചു തരും എന്നുള്ളതിനു സംശയമില്ല. നാം ചിന്തിക്കുന്നതു പോലെയും മനസ്സിൽ വിചാരിക്കുന്നതു പോലെയും അല്ലെന്നു മാത്രം.

കൊട്ടാരത്തിൽ നിന്നും ഇറങ്ങി, ഇടംവലം തിരിയാതെ ദൈവകല്പന പ്രകാരംം നേരേ കിഴ ക്കോട്ടു നടന്നകന്ന ഏലിയാവിനേ പിടിച്ചു കൊണ്ടുവരുവാൻ ഭയം മാറി പരിസരബോധം തിരികെ കിട്ടിയ ആഹാബു രാജാവ് ഉത്തരവിട്ടെങ്കിലും ഏലിയാവു പോയ വഴിയേ പുറപ്പെട്ടു ചെന്ന രാജാവിന്റെ പടയാളികൾക്ക്, ഏലിയാവിനേ പോയിട്ട് ഏലിയവിന്റെ പൊടിപോലും കാണുവാൻ കഴിഞ്ഞില്ല.

മാനുഷീക ബുദ്ധിയിൽ സ്വന്തമായി പ്രോഗ്രാമുകൾ ഉണ്ടാക്കാതെ, വൈദശബ്ദം കേട്ടു ദൈവം പറയുന്ന ഇടത്തേക്കു ധൈര്യത്തോടു യാത്ര ചെയ്യുന്ന തന്റെ ഭക്തനേ, മനുഷ്യൻ പോയിട്ട്, ഈ ലോകത്തിന്റെ അത്യാധുനീക റഡാറുകൾക്കോ സാറ്റ്ലൈറ്റുകൾക്കു പോലുമോ തിരഞ്ഞു പിടിക്കുവാൻ കഴിയുകയില്ല. അനർത്ഥദിവസത്തിൽ ദൈവം തന്റെ ഭക്ത്തനേ പ്രാകാശ വീചികൾക്കു കടന്നു ചെല്ലുവാൻ കഴിയാത്ത ദൈവത്തിന്റെ കൂടാരത്തിന്റെ മറവിൽ മറെച്ചു വെയ്ക്കും.

തന്റെ കൊച്ചു ഗ്രാമമായ ഗിലയാദിലേ തിശ്ബിയിൽ നിന്നും ഏലിയാവ് ഇറങ്ങിത്തിരിച്ചിട്ടു ദിവസങ്ങൾ പലതായി. വഴിയിൽ എന്തു കഴിച്ചെന്നു നിശ്ചയമില്ല. ന്യായവിധിയുടെ ദൂതാണു പറഞ്ഞതെങ്കിലും ദൈവത്തിന്റെ പ്രവാചകൻ ആണല്ലോ എന്നു കരുതി വല്ലതും കഴിച്ചിട്ടു പോ കുവാൻ കൊട്ടാരത്തിൽ ആരും ഏലിയാവിനേടു പറഞ്ഞില്ല. വഴിയിൽ എന്തെങ്കലും വാങ്ങി കഴിക്കുവാൻ കൈയ്യിൽ കാശുണ്ടോ എന്നു സംശയമുണ്ട്.

മുൻകൂട്ടി തീരുമാനിക്കാതെ പെട്ടെന്നുള്ള പുറപ്പാടായതിനാൽ പ്രവാചകശ്രേഷ്ടന്റെ കീശ കാലിയാണെന്നു തോന്നുന്നു. ആഹാബിന്റെ കൊട്ടാരത്തിൽ വെച്ചായിരുന്നുവല്ലോ കെരീത്തിലേ ക്കു പുറപ്പെട്ടു കൊള്ളുവാൻ ഉയരത്തിൽ നിന്നും കൽപന പറപ്പെട്ടത്. അതു തന്നെയല്ല, അതിനു മുമ്പും മാസാമാസം പതിവായി ആരും ഒന്നും കൊടുക്കുന്നും ഇല്ലായിരുന്നുവല്ലോ. രാജാവിന്റെ കൊട്ടാര വിചാരകനായ ഒബദ്യാവ്, ദൈവഭക്തൻ ആണെങ്കിലും രാജാവിനേ പേടിച്ചിട്ടായിരിക്കണം എന്തെങ്കിലും ഒരു സഹായം ചെയ്യുവാൻ കൈ നീട്ടിയില്ല എന്നു മാത്ര മല്ല, കൊട്ടാരത്തിൽ എങ്ങും അദ്ദേഹത്തേ കണ്ടതേ ഇല്ല.

തുടരും......

www.gracetheological.com / E_mail: deepamnews2011@gmail.com

GRACE THEOLOGICAL COLLEGE
VENNIKULAM P.O THIRUVALLA 689 544
PATHANAMTHITTA DT. KERALA- INDIA
E-MAIL: DEEPAMNEWS2011@GMAIL.COM
A.WEEKLY NEWSPAPER PUBLISHED
FROM THIRUVALLA

# ETERNAL VOICE
## NEWSPAPER

REGISTERD
RNI REG.
NO.KERMAL / 2014/59906

Vol:4 | Issue -8   Pages 8   Kermal-2014/59906   Thiruvalla   Rs.5.00

1 –ാം പേജിൽ നിന്ന്

തങ്ങളിൽ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങൾ കാലതാമസമില്ലാതെ നിറവേറ്റുവാനായി അക്ഷീണം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

2018 ജൂലൈ 5 മുതൽ 8 വരെ ബോസ്റ്റൺ പട്ടണത്തിലുള്ള മാസ് മ്യൂച്വൽ കൺവൻഷൻ സെൻററിൽ വെച്ചാണ് ആത്മീയ മഹാസംഗമം നടത്തപ്പെടുന്നത്. പി.സി.എൻ.എ.കെ കോൺഫ്രൻസിൽ സംബദ്ധിക്കുവാൻ ആഗ്രഹിക്കുന്നവർ എത്രയും വേഗത്തിൽ സൗജന്യ നിരക്കിലുള്ള രജിസ്ട്രേഷൻ റിസർവ്വ് ചെയ്യണം. ഈ പ്രാവശ്യം വിശ്വാസികളുടെ വൻ പങ്കാളിത്തമാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. വെബ് സൈറ്റ്, ഇ മെയിൽ, ഫോൺ എന്നിവ വഴിയും രജിസ്ട്രേഷൻ ചെയ്യുവാനുള്ള സൗകര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ട്.

പലതരത്തിലും പുതുമകൾ ഉൾക്കൊള്ളുന്ന ഈ കോൺഫ്രൻസ് പെന്തക്കസ്ത് അനുഭവങ്ങളിലേക്ക് വിശ്വാസസമൂഹം മടങ്ങി വരേണ്ടതിനും അവരുടെ ആത്മീയ ഉത്തേജനത്തിനു ഊന്നൽ നൽകുന്നതുമായിരിക്കുമെന്നു സംഘാടകർ അറിയിച്ചു. നോർത്ത് അമേരിക്കയിലും കാനഡയിലുമായി ചിതറി പാർക്കുന്ന പെന്തക്കോസ്തുകാരായ ദൈവജനത്തിന്റെ കൂട്ടായ്മയായ പി.സി.എൻ.എ.കെ. കേരളത്തിനു പുറത്ത്, വിദേശരാജ്യങ്ങളിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ മലയാളി പെന്തക്കോസ്ത് സംഗമമാണ്. ' അങ്ങയുടെ രാജ്യം വരേണമേ'' എന്നുള്ള വിഷയത്തെ ആസ്പദമാക്കി സുപ്രസിദ്ധ ഉണർവ്വ് പ്രഭാഷകരും അതിഥി പ്രാസംഗികരും വിവിധ സെക്ഷനുകളിൽ ദൈവവചനം പ്രസംഗിക്കും. സമ്മേളനം അനുഗ്രഹകരമായിത്തീരാനും വിശ്വാസികൾ പങ്കെടുക്കുവാനും, പ്രാർത്ഥിക്കുവാനും ഭാരവാഹികൾ അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും -www.pcnak2018.org

ബോസ്റ്റൺ സ്പ്രിങ്ഫീൽഡിലുള്ള പ്രസിദ്ധമായ മാസ് മ്യൂച്വൽ കൺവൻഷൻ സെന്ററിലാണ് 36 മത് പി.സി. എൻ.എ.കെ സമ്മേളനം നടത്തപ്പെടുന്നത്. വിസ്തൃതമായ പ്രോഗ്രാമുകൾ, മികച്ച താമസ- ഭക്ഷണ- യാത്ര സൗകര്യങ്ങൾ തുടങ്ങിയവ മഹായോഗത്തോട് അനുബന്ധിച്ച്, കുറ്റമറ്റ രീതിയിൽ ക്രമീകരിക്കുന്നതിനായി നാഷണൽ - ലോക്കൽ കമ്മറ്റികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതായി മീഡിയ കോർഡിനേറ്റർ നിബു വെള്ളവന്താനം

# റാഫാ റേഡിയോ മൂന്നാം വർഷത്തിലേക്ക്




ചുരുങ്ങിയ കാലംകൊണ്ട് ക്രൈസ്തവ സമൂഹത്തിൽ സംഗീത പ്രേമികൾക്ക് സുപരിചിതമായ നാമമാണ് റാഫാ റേഡിയോ (ംംം.ഞമളമഞമറശീ.രീാ). കഴിഞ്ഞ 2 വർഷത്തെ റാഫാ ശ്രോതാക്കളുടെ ഭീമമായ വർധനവാണ് അതിന്റെ പ്രത്യക്ഷമായ തെളിവും. 180ൽ പരം രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ശ്രോദ്ധാക്കളാണ് റാഫയുടെ കരുത്ത്. ശബ്ദ സംപ്രക്ഷേപണത്തിലുള്ള മികച്ച നിലവാരമാണ് റാഫയെ വേറിട്ട് നിർത്തുന്ന മറ്റൊരു ഘടകം. മനുഷ്യ മനസ്സിന് കുളിർമ്മയേകുന്നതും എന്നും നവചൈതന്യം പകരുന്നതുമായ 10000 ൽ പരം അനുഗ്രഹീത ഗാനങ്ങളുടെ വലിയൊരു ശേഖരം തന്നെ റാഫയ്ക്കുള്ളതിനാൽ റാഫാ റേഡിയോയിലെ ഗാനങ്ങൾ ശ്രവിക്കുന്നവർക്കു ആവർത്തന വിരസത തെല്ലും തോന്നുകയില്ല. ആ ശേഖരം അനുദിനം വളർന്നു കൊണ്ടേയിരിക്കുന്നു.

റാഫാ റേഡിയോയുടെ ഗാനങ്ങൾ ലോകത്തിന്റെ ഏത് കോണിലും ഏതു സമയത്തും നിങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാണ്.

താങ്കൾ iOS ഉപഭോക്താവെങ്കിൽ റാഫാ റേഡിയോ ആപ്പ് സ്റ്റോറിൽ താങ്കളെ കാത്തിരിക്കുന്നു. ആൻഡ്രോയിഡ് ഉപഭോക്താക്കൾക്ക് പ്ലേസ്റ്റോറിൽ നിന്നും റാഫാ റേഡിയോ ആപ്പ്ളിക്കേഷൻ ഡൗൺലോഡ് ചെയ്ത് തികച്ചും സൗജന്യമായി ആസ്വദിക്കാവുന്നതാണ്.

അതുപോലെ തന്നെ ലോകപ്രശസ്ത ഉൽപ്പന്നമായ BOSE പുറത്തിറക്കുന്ന എല്ലാ ഹോം എന്റർടൈൻമെന്റ് സിസ്റ്റത്തിലും ഇപ്പോൾ ഇൻബിൽട് ആയി തന്നെ ഇപ്പോൾ റാഫാ റേഡിയോ ഇന്റഗ്രേറ്റ് ചെയ്താണ് വിപണിയിൽ ലഭ്യമാകുന്നത്.

70 ൽ പരം പുതിയ വീഡിയോ ഗാനങ്ങൾ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ റാഫാ മീഡിയ നിർമ്മിച്ച് സോഷ്യൽ മീഡിയയിലും റാഫായുടെ യൂട്യൂബ് ചാനൽ വഴിയും

ഫെയ്സ്ബുക്ക് പേജിലൂടെയും പുറത്തിറക്കിക്കഴിഞ്ഞു. സാമ്പത്തിക നേട്ടത്തിനായി റാഫാ ഒരിക്കലും ഗാനങ്ങൾ നിർമ്മിക്കാറില്ല. റാഫയുടെ ഗാനങ്ങളാക്കു യൂട്യൂബിലും ഫേസ്ബുക്കിലും മികച്ച പ്രതികര

3 –ാം പേജിൽ.....

ദൈവവചന പരിശീലന ശാലയിൽ പങ്കുചേരുക... വചനം പഠിക്കുക...

# ഗ്രേയ്സ് തിയോളജിക്കൽ കോളേജ്

വെണ്ണിക്കുളം പി. ഒ തിരുവല്ല , പത്തനംതിട്ട, കേരള ഇന്ത്യാ

## പുതിയ ബാച്ച്

## മെയ് 1 9 –ന് ആരംഭിക്കുന്നു

സമയം: എല്ലാ ആഴ്ചയും

തിങ്കൾ മുതൽ വെള്ളി വരെ

പകൽ 10.00 മണി മുതൽ 1.00 മണി വരെ


Rev. Renny Edapparambil (Founder & Chairman)


Rev. John Mammen (Principal)


Rev. Benson V Yohannan (Registrar)


Sister Ligi Renny (Academic Dean)

DIP.TH MALAYALAM 2 YEAR
B.TH MALAYALAM 3 YEAR

**നമ്മുടെ അദ്ധ്യാപകർ**

പാസ്റ്റർ ജെയിസ് പാണ്ടനാട്
പാസ്റ്റർ ഷിബു ഓതറ
പാസ്റ്റർ പി.പി. മാത്യൂ
പാസ്റ്റർ ജോൺസൺ തോമസ്

കുടുതൽ വിവരങ്ങൾക്ക്
പ്രിൻസിപ്പാൾ
0469 2751000

**ഞങ്ങളുടെ പ്രത്യേകതകൾ**

1. അനുഭവ സമ്പന്നരായ അദ്ധ്യാപകർ ക്ലാസ്സുകൾ നയിкുന്നു.
2. പഠനത്തിനുശേഷം നോർത്ത് ഇന്ത്യൻ മിഷനറിയാകുവാനുള്ള അവസരം
3. പഠനത്തോടൊപ്പം നോർത്ത് ഇന്ത്യൻ മിഷൻ ട്രിപ്പുകൾ
4. പ്രവേഷനം സൗജന്യം
5. തികച്ചും ആത്മീക അന്തരീക്ഷം

**അദ്ധ്യക്ഷൻ**


പാസ്റ്റർ മാത്തുകുട്ടി എബ്രഹാം
*ചർച്ച് ഓാഫ് ഗോഡ് ഇൻ ഇന്ത്യാ
വെണ്ണിക്കുളം*

**ഉദ്ഘാടനം**


പാസ്റ്റർ പി.ജെ.ജയിംസ്
*ചർച്ച് ഓാഫ് ഗോഡ് ഇൻ ഇന്ത്യാ
മുൻ ഓവർസിയർ*

Published Printed owned by Mrs.Ligi Philip, Printed St. francis ales Press Kottayam-1 for IGM Press, Manjadi P.O Thiruvalla, Pathanamthitta Dt.
Kerala- 689 105,Published from Mulamoottil House, Kavumgumprayar P.O Thiruvalla, Pin-689 543, Pathanamthitta Dt. Kerala India, Editor:Renny Edapparambil